22
2026
ഏപ്രിൽ
ബുധൻ
മേടം 9

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 86 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-86 പേജ് 4. വില 2.00 രൂപ

02 എല്ലാത്തിനും പ്രതിഷേധിക്കുന്നത് ഭാരതീയ സംസ്കാരമല്ല; ഗവർണർ

03 ഇന്ധനപ്രതിസന്ധി; ആകാശവഴിയും അടയുന്നു

04 നിതിൻ രാജിൻെറ മരണം: ഏപ്രിൽ 28ന് ഹർത്താൽ

# പൂര വെടിക്കെട്ട് നിർമ്മാണശാലയിൽ സ്ഫോടനം; 14 മരണം

## 5 പേർ അതീവ ഗുരുതരാവസ്ഥയിൽ



തൃശ്ശൂർ: തൃശ്ശൂർ പൂരത്തിന് വെടിക്കെട്ടു സാമഗ്രികൾ നിർമിക്കുന്ന അഞ്ച് വെടിമരുന്ന് പുരകളിൽ ഉണ്ടായ വൻസ്ഫോടനത്തിൽ 14 പേർ മരിച്ചതായി സ്ഥിരീകരിച്ചു. അഞ്ച് മൃതദേഹങ്ങളും മൂന്നു പേരുടെ ശരീരാവശിഷ്ടങ്ങളും ലഭിച്ചതായി തൃശ്ശൂർ ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ അറിയിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച 12 പേരിൽ അഞ്ചു പേരുടെ നില അതീവ ഗുരുതരമാണ്. ഇവർക്ക് 70 ശതമാനത്തിലേറെ പൊള്ളലേറ്റിട്ടുണ്ട്.

ഉച്ചയ്ക്ക് 3.30നാണ് ആദ്യ സ്ഫോടനം ഉണ്ടായത്. പിന്നീട് രണ്ടു മണിക്കൂറോളം തുടർച്ചയായ സ്ഫോടനങ്ങൾ ഉണ്ടാവുകയും തീ പടരുകയുമായിരുന്നു. വൈകീട്ട് ആറു മണിയോടെ തീ അണച്ചിട്ടുണ്ട്. എങ്കിലും സ്ഥലത്തുനിന്ന് വൻതോതിൽ പുക ഉയരുന്നുണ്ട്. പൊട്ടാതെ കിടക്കുന്ന വെടിമരുന്ന് സാമഗ്രികളും ഭീഷണി ഉയർത്തുന്നു. തിരുവമ്പാടി ദേവസ്വം ബോർഡിന് വേണ്ടി വെടിക്കെട്ട് സാമഗ്രികൾ നിർമിക്കുന്ന മുണ്ടത്തിക്കോടാണ് സ്ഫോടനം നടന്നത്.

തിരുവമ്പാടി വെടിക്കെട്ട് ലൈസൻസി മുണ്ടത്തിക്കോട് സതീഷിന്റെ വെടിക്കെട്ട് പുരയിലായിരുന്നു അപകടം. വെടിക്കെട്ടിന്റെ പ്രധാന ചുമതലക്കാരനായ സതീഷിനുൾപ്പെടെ ഉള്ളവർക്കാണ് പൊള്ളലേറ്റത്. ചെറിയ വഴിയായതിനാൽ ഫയർഫോഴ്സ് സംഘത്തിന് സംഭവസ്ഥലത്ത് എത്താൻ പ്രയാസം നേരിട്ടു. തുടർന്ന് സമീപത്തെ മതിൽ തകർത്താണ് ഫയർഫോഴ്സ് സംഘം സ്ഥലത്തെത്തിയത്.

ഈ മാസം 24ന് നടക്കേണ്ട തൃശ്ശൂർ പൂരത്തിന്റെ സാമ്പിൾ വെടിക്കെട്ടിനുള്ള പടക്കമാണ് ഇവിടെ നിർമിച്ചിരുന്നത്.

രണ്ട് വലിയ സ്ഫോടനമാണ് ആദ്യം കേട്ടത്. കിലോമീറ്ററുകളോളം അകലേയ്ക്ക് സ്ഫോടനശബ്ദം കേട്ടുവെന്നാണ് പ്രദേശവാസികൾ പറയുന്നത്.

തൃശ്ശൂരിലെ വെടിക്കെട്ട് പുരയിലുണ്ടായ ഉഗ്രസ്ഫോടനത്തിൽ വിശദമായ മജിസ്റ്റീരിയൽ അന്വേഷണത്തിന് ജില്ലാ കളക്ടർ ഉത്തരവിട്ടു. സബ് ഡിവിഷണൽ മജിസ്ട്രേറ്റായ തൃശൂർ ആർഡിഒയ്ക്കാണ് അന്വേഷണത്തിന്റെ ചുമതല. അപകടത്തിന്റെ കാരണവും അതിന്റെ അനന്തരഫലങ്ങളും വിശദമായി അന്വേഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ദുരന്തവാർത്ത അറിഞ്ഞ ഉടൻ തന്നെ മുഖ്യമന്ത്രി പിണറായി വിജയൻ അടിയന്തര ഇടപെടൽ നടത്തി. പരിക്കേറ്റവർക്ക് എല്ലാവിധ ചികിത്സാ സഹായങ്ങളും ലഭ്യമാക്കാൻ സർക്കാർ സംവിധാനങ്ങളെ സജ്ജമാക്കാൻ അദ്ദേഹം ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. പൊള്ളലേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിനായി ആവശ്യമെങ്കിൽ സംസ്ഥാനത്തിന് പുറത്തുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം തേടുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. രക്ഷാപ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ പ്രത്യേക സംവിധാനവും ഒരുക്കിയിട്ടുണ്ട്.

പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, ആരോഗ്യവകുപ്പ്, റവന്യൂ, ദുരന്തനിവാരണ വിഭാഗങ്ങൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടാണ് നിലവിൽ പ്രവർത്തനങ്ങൾ തുടരുന്നത്. അപകടത്തിൽ മരിച്ചവരുടെ വിയോഗത്തിൽ മുഖ്യമന്ത്രി അനുശോചനം രേഖപ്പെടുത്തി. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പരമാവധി വേഗത്തിൽ സഹായമെത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൺട്രോൾ റൂം തുറന്നിട്ടുണ്ട്, 8075011853

## മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ച് പ്രധാനമന്ത്രി

ന്യൂഡൽഹി: തൃശൂരിൽ വെടിക്കെട്ട് നിർമാണശാലയിലുണ്ടായ തീപിടുത്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു.

ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും പ്രധാനമന്ത്രി എക്സിലൂടെ അറിയിച്ചു.

മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകുമെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

## മുണ്ടത്തിക്കോട് ദുരന്തം; രക്ഷാപ്രവർത്തനത്തിന് ധനസഹായം അനുവദിച്ചു

തൃശൂർ: മുണ്ടത്തിക്കോട് പടക്കനിർമാണ ശാലയിലെ സ്ഫോടനത്തിന് പിന്നാലെ സംസ്ഥാന സർക്കാർ ധനസഹായം അനുവദിച്ചു. രക്ഷാപ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയാണ് അനുവദിച്ചത്. അതേസമയം സ്ഫോടനത്തിൽ മരണ സംഖ്യ ഉയരുകയാണ്.

13 പേർ ചികിത്സയിൽ കഴിയുന്നുണ്ടെന്നും ഇതിൽ പലരുടെയും നില അതീവ ഗുരുതരമാണെന്നും അധികൃതർ പറഞ്ഞു. അപകടത്തിൽ പെട്ടവരിലേറെയും മുണ്ടത്തിക്കോട് കുണ്ടന്നൂർ സ്വദേശികളാണെന്നാണ് ലഭ്യമാകുന്ന വിവരം. അതേസമയം മൃതദേഹങ്ങൾ മോർച്ചറിയിലേക്ക് മാറ്റുകയാണ്.

അവിടെ ഫോറൻസിക്ക് വിഭാഗത്തിന് പരിശോധനക്ക് പ്രത്യേക ക്രമീകരണം ഒരുക്കിയിട്ടുണ്ട്. മന്ത്രിമാരായ വി.എൻ.വാസവനും കെ.രാജനും സംഭവസ്ഥലത്തേക്ക് തിരിച്ചു. തിരുവമ്പാടിയുടെ വെടിക്കെട്ട് സാമഗ്രികൾ തയാറാക്കുന്ന പുരയിലാണ് സ്ഫോടനമുണ്ടായത്.

## പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്

പത്തനംതിട്ട: തൃശൂർ പൂരത്തിനായി വെടിക്കെട്ട് സാമഗ്രികൾ തയാറാക്കുന്നതിനിടെയുണ്ടായ സ്ഫോടനത്തിൽ പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്. തൃശൂർ മെഡിക്കൽ കോളജിൽ ചികിത്സയ്ക്കാവശ്യമായ ക്രമീകരണമൊരുക്കാൻ നിർദേശം നൽകി.

കനിവ് 108 ആംബുലൻസുകൾ ഉൾപ്പെടെ മതിയായ ആംബുലൻസുകൾ സ്ഥലത്തേക്ക് തിരിച്ചെന്നും അടിയന്തര സാഹചര്യം നേരിടാൻ നിർദ്ദേശം നൽകിയെന്നും മന്ത്രി പറഞ്ഞു. ചൊവ്വാഴ്ച ഉച്ചയ്ക്ക് 3.30നുണ്ടായ സംഭവത്തിൽ മൂന്ന് പേർ മരിച്ചു. 40 പേർക്ക് പരിക്കേറ്റു.

പരിക്കേറ്റവരിൽ എട്ട് പേരുടെ നില അതീവ ഗുരുതരമാണ് അധികൃതർ വ്യക്തമാക്കി. സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ സ്ഥിതിഗതികൾ വിലയിരുത്തി.

ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായി ഡിജിപി ആശയവിനിമയം നടത്തി. സംഭവ സ്ഥലത്തേക്ക് ഉടൻ എത്തിച്ചേരാൻ തൃശൂർ ഡിഐജിക്ക് അദ്ദേഹം നിർദ്ദേശം നൽകി.

## കായംകുളം ലൈംഗികാതിക്രമം: പ്രതി സിനിൽ സവാദിനെതിരെ കൂടുതൽ വകുപ്പുകൾ ചുമത്തി

കായംകുളം: അപകടത്തിൽപ്പെട്ട യുവതിയെ ലൈംഗികമായി അതിക്രമിക്കാൻ ശ്രമിച്ച കേസിൽ പ്രതിയായ വ്യാപാരി വ്യവസായി ഏകോപന സമിതി ഭാരവാഹി സിനിൽ സവാദിനെതിരെ പോലീസ് കൂടുതൽ വകുപ്പുകൾ ചുമത്തി. ഭീഷണിപ്പെടുത്തൽ, പിന്തുടർന്ന് ശല്യം ചെയ്യൽ തുടങ്ങിയ കുറ്റങ്ങളാണ് പുതിയതായി ഉൾപ്പെടുത്തിയത്.

അപകടത്തിൽപ്പെട്ട യുവതിയെ സഹായിക്കാൻ എത്തിയ പ്രതി, സാഹചര്യം മുതലെടുത്ത് ലൈംഗികമായി ഉപദ്രവിക്കാൻ ശ്രമിച്ചതായാണ് പരാതി.

പ്രതിയെ രക്ഷിക്കാൻ രാഷ്ട്രീയ സ്വാധീനം ഉപയോഗിക്കുന്നു എന്ന ആരോപണം നിലനിൽക്കെയാണ് പോലീസ് കൂടുതൽ വകുപ്പുകൾ ചേർത്ത് കേസന്വേഷണം ഊർജിതമാക്കിയിരിക്കുന്നത്. പ്രതിയെ ഉടൻ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ തെളിവെടുപ്പ് നടത്താനാണ് പോലീസിന്റെ നീക്കം.

## ഇന്ത്യയെ പിടിച്ചുലച്ച ആ ചിത്രം: പഹൽഗാം ഭീകരാക്രമണത്തിന് ഒരു വർഷം

ശ്രീനഗർ: 2025 ഏപ്രിൽ 22ന് പഹൽഗാമിലെ ബൈസരൻ താഴ്വരയിലുണ്ടായ ഭീകരാക്രമണം നടന്നിട്ട് നാളെ ഒരു വർഷം തികയുന്നു. 26 പേരുടെ ജീവൻ കവർന്ന ആ ആക്രമണത്തിൽ കൊല്ലപ്പെട്ട ഇന്ത്യൻ നേവി ഓഫീസർ ലെഫ്റ്റനൻറ് വിനയ് നർവാളിൻറെ ഭാര്യ ഹിമാൻഷി നർവാളിൻറെ ചിത്രം അന്ന് രാജ്യത്തിൻറെയാകെ വേദനയായി മാറിയിരുന്നു. ഏപ്രിൽ 16-നായിരുന്നു വിനയ് നർവാളിൻറെയും ഹിമാൻഷിയുടെയും വിവാഹം. വിവാഹം കഴിഞ്ഞ് ആറാം ദിവസം ഹണിമൂണിനായി പഹൽഗാമിലെത്തിയപ്പോഴാണ് ഭീകരരുടെ വെടിയേറ്റ് വിനയ് കൊല്ലപ്പെട്ടത്. തൻറെ പ്രിയതമനെ നഷ്ടപ്പെട്ടിട്ടും മുസ്ലിംങ്ങൾക്കെതിരെയോ കാഷ്മീരികൾക്കെതിരെയോ വെറുപ്പ് പ്രചരിപ്പിക്കരുതെന്ന ഹിമാൻഷിയുടെ സമാധാന സന്ദേശം വലിയ ചർച്ചയായിരുന്നു. ഈ നിലപാടിൻറെ പേരിൽ അവർ സോഷ്യൽ മീഡിയയിൽ വലിയ രീതിയിലുള്ള സൈബർ ആക്രമണങ്ങൾക്കും ഇരയായി. ഭീകരാക്രമണത്തിന് മറുപടിയായി ഇന്ത്യൻ സൈന്യം അതിർത്തിക്കപ്പുറം നടത്തിയ പ്രത്യാക്രമണമാണ് 'ഓപ്പറേഷൻ സിന്ദൂർ'. ഭീകരത അവസാനിപ്പിക്കാനുള്ള ഈ നീക്കത്തെ ഹിമാൻഷി സ്വാഗതം ചെയ്തിരുന്നു. 26 പേരുടെ ജീവൻ കവർന്ന ആക്രമണത്തിന് സൈന്യം തിരിച്ചടി നൽകിയെങ്കിലും, മരിച്ചവരുടെ ആശ്രിതർക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന് കുടുംബങ്ങൾ ആരോപിക്കുന്നു.

കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് പ്രഖ്യാപിച്ച ധനസഹായവും ആശ്രിത നിയമനവും പലർക്കും ലഭിച്ചിട്ടില്ല. സർക്കാർ വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾക്കായി ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥയാണെന്ന് ഇരകളുടെ മക്കളും ഭാര്യമാരും പരാതിപ്പെടുന്നു. അതേസമയം, ആക്രമണത്തിൻറെ വാർഷിക ദിനത്തിൽ രാജ്യം വീരമൃത്യു വരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

## വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ ഒരു മുറിയും തുറക്കേണ്ട, അനാവശ്യ വിവാദങ്ങൾ ഉണ്ടാക്കരുത്: മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ

തിരുവനന്തപുരം: വോട്ടെണ്ണൽ കഴിയുംവരെ ഒരു മുറിയും തുറക്കരുതെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ. സീൽ ചെയ്യാത്ത മുറികളും തുറക്കാൻ പാടില്ലെന്നാണ് കർശന നിർദേശം. സംഭവത്തിൽ അദ്ദേഹം ജില്ലാ കളക്ടർമാരുടെ അടിയന്തര യോഗം വിളിച്ചു.

എന്തിന് വിവരങ്ങൾ തിരക്കിട്ട് അപ്ഡേറ്റ് ചെയ്യണം കണക്കെടുപ്പിനാണ് മുറി തുറക്കുന്നതെങ്കിൽ വോട്ടെണ്ണൽ കഴിഞ്ഞിട്ട് കണക്കുകൾ അപ്ഡേറ്റ് ചെയ്താൽ മതി. തിരക്കിട്ട് മുറികൾ തുറന്ന് അനാവശ്യ വിവാദങ്ങൾ ഉണ്ടാക്കരുതെന്നും ഏതെങ്കിലും തരത്തിൽ മുറികൾ തുറന്നാൽ കർശന നടപടി സ്വീകരിക്കുമെന്നും രത്തൻ ഖേൽക്കർ വ്യക്തമാക്കി. പാലക്കാട് നെന്മാറയിലെ സ്ട്രോംഗ് റൂം തുറക്കേണ്ടെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ പാലക്കാട് ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിരുന്നു. പ്രിസൈഡിംഗ് ഓഫീസറുടെ ഡയറി സ്ട്രോംഗ് റൂമിൽ വച്ച് മറന്നതിനാൽ മുറി തുറക്കാനായിരുന്നു ഇന്ന് തീരുമാനിച്ചിരുന്നത്. സ്ഥാനാർത്ഥികളെയും ഏജൻറുമാരെയും മുറി തുറക്കുന്ന കാര്യം ഫോണിൽ വിളിച്ച് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചിരുന്നു.

എന്നാൽ യുഡിഎഫ് സ്ഥാനാർഥിയും പാലക്കാട് ഡിസിസി പ്രസിഡൻറും സ്ട്രോംഗ് റൂം തുറക്കുന്നതിനെ എതിർത്തിരുന്നു. രേഖാമൂലമുള്ള അറിയിപ്പൊന്നും നൽകിയിട്ടില്ലെന്നും കോൺഗ്രസ് ആരോപിച്ചിരുന്നു. ഈ വിഷയം മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഒരു സ്ട്രോംഗ് റൂമും തുറക്കേണ്ടതില്ലെന്ന് അദ്ദേഹം നിർദേശം നൽകിയത്.

അതേസമയം, പേരാമ്പ്ര മണ്ഡലത്തിലെ സ്ട്രോംഗ് റൂം തുറന്ന സംഭവത്തിൽ ഇന്നുതന്നെ റിപ്പോർട്ട് സമർപ്പിക്കാൻ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദേശം നൽകി. ഏത് സാഹചര്യത്തിലായാലും മുറി തുറന്നതു ഗൗരവതരമായ വിഷയമാണെന്നും തുടർനടപടി യുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.



# എല്ലാത്തിനും പ്രതിഷേധിക്കുന്നത് ഭാരതീയ സംസ്കാരമല്ല; ചർച്ചകളും സംവാദങ്ങളുമാണ് വേണ്ടതെന്ന് ഗവർണർ

എറണാകുളം: എല്ലാ കാര്യങ്ങളിലും പ്രതിഷേധിക്കുന്നത് ഭാരതീയ സംസ്കാരത്തിന് ചേർന്നതല്ലെന്നും മുദ്രാവാക്യം വിളികളല്ല, മറിച്ച് ചർച്ചകളും സംവാദങ്ങളുമാണ് ജനാധിപത്യത്തിന് ആവശ്യമെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ശങ്കര ജയന്തി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'സിന്ദാബാദ്', 'മുർദാബാദ്' വിളികളിലൂടെ എല്ലാത്തിനെയും എതിർക്കുന്ന ശൈലി ഭാരതീയമല്ല. ആദിശങ്കരൻ വിഭാവനം ചെയ്തത് എല്ലാവരെയും ഉൾക്കൊള്ളുന്ന സംവാദത്തിൻറെ സംസ്കാരമാണെന്നും ഗവർണർ ഓർമിപ്പിച്ചു. ആദിശങ്കരൻറെ ജന്മദിനം മറ്റു പല സംസ്ഥാനങ്ങളിലും വലിയ രീതിയിൽ ആഘോഷിക്കപ്പെടുമ്പോൾ, കേരളത്തിൽ ഇത് ഒരു ഔദ്യോഗിക സംസ്ഥാന പരിപാടിയായി മാറാത്തതിൽ അദ്ദേഹം അതൃപ്തി പ്രകടിപ്പിച്ചു.

സർവകലാശാലയിൽ എത്തിയ ഗവർണർക്കെതിരെ എസ്എഫ്ഐ പ്രവർത്തകർ കരിങ്കൊടി കാട്ടി പ്രതിഷേധിച്ചു. ഗവർണർ മടങ്ങിയപ്പോൾ അദ്ദേഹത്തിന് പിന്തുണയുമായി എബിവിപി പ്രവർത്തകരും മുദ്രാവാക്യം വിളികളുമായി എത്തിയതോടെ ക്യാമ്പസിൽ നേരിയ സംഘർഷാവസ്ഥ നിലനിന്നു.

ഗവർണർ പങ്കെടുക്കുന്ന ചടങ്ങിൽ വിദ്യാർത്ഥികളും അധ്യാപകരും നിർബന്ധമായും കൈയടിക്കണമെന്നും, പ്രസംഗം കഴിയുന്നത് വരെ ആരും പുറത്തു പോകരുതെന്നും നിർദേശിച്ചു കൊണ്ട് സർവകലാശാല നേരത്തെ പുറത്തിറക്കിയ സർക്കുലർ വലിയ വിവാദമായിരുന്നു. പ്രതിഷേധം ശക്തമായതിനെ തുടർന്ന് അധികൃതർ ഈ സർക്കുലർ പിൻവലിച്ചിരുന്നു. ഇതിൻറെ പശ്ചാത്തലത്തിലാണ് ഗവർണറുടെ സന്ദർശനവും തുടർന്നുള്ള പരാമർശങ്ങളും ശ്രദ്ധേയമാകുന്നത്.

ശങ്കരാചാര്യരുടെ പ്രതിമയിൽ പുഷ്പാർച്ചന നടത്തിയശേഷമാണ് ഗവർണർ വേദിയിലേക്ക് എത്തിയത്. പ്രതിഷേധിച്ച എസ്എഫ്ഐ പ്രവർത്തകരെ പോലീസ് ഗേറ്റിൽ വെച്ച് തടയുകയായിരുന്നു.

ഗവർണർ എത്തിയപ്പോഴും പരിപാടി കഴിഞ്ഞ് മടങ്ങിയപ്പോഴും എസ്എഫ്ഐ പ്രവർത്തകർ മുദ്രാവാക്യം വിളിച്ചു. ഗവർണർ തിരിച്ചുപോകുമ്പോൾ പിന്തുണയുമായി എബിവിപി പ്രവർത്തകർ മുദ്രാവാക്യം വിളിച്ചു.

# പാചകവാതക ക്ഷാമം രൂക്ഷം; നട്ടംതിരിഞ്ഞ് ജനം

കൊല്ലം: പാചകവാതക ക്ഷാമത്തിന് അറുതിയില്ല. പാചകവാതക ക്ഷാമം ജില്ലയിൽ ജനജീവിതത്തെ ബാധിച്ചിട്ട് ഒരുമാസം പിന്നിട്ടു. ആഴ്ചകൾ പിന്നിട്ടപ്പോൾ ചില പ്രദേശങ്ങളിൽ ഗ്യാസ് വിതരണം പരമാവധി സുഗമമാക്കാൻ ഏജൻസികൾ ശ്രമിച്ചപ്പോൾ മറ്റിടങ്ങളിൽ ക്ഷാമത്തിന് വലിയ മാറ്റമില്ല. ഇന്ത്യൻ ഓയിൽ കോർപറേഷൻ, ഭാരത് പെട്രോളിയം എന്നിവയുടെ ഏജൻസികളാണ് പാചകവാതക വിതരണം കൂടുതലും നടത്തുന്നത്.കൂടുതൽ എജൻസികൾ ഇന്ത്യൻ ഓയിൽ കോർപറേഷൻറേതാണ്. നിലവിൽ ഡിഎസി നമ്പർ ലഭിച്ചാലും ഗ്യാസ് കിട്ടാത്ത സ്ഥിതിയാണുള്ളത്. ക്ഷാമം വന്നതോടെ ഗ്യാസ് ബുക്കിംഗിൻറെ കാലാവധി കമ്പനികൾ ദീർഘിപ്പിച്ചിരുന്നു.

പാചകവാതക സിലിണ്ടർ ഒരെണ്ണം ലഭിച്ചുകഴിഞ്ഞാൽ പിന്നെ ബുക്കിംഗിനു ഗ്രാമങ്ങളിൽ 45ദിവസവും നഗരങ്ങളിൽ 25 ദിവസവുമെടുക്കും. ഇതിൻറെ റഫറൻസ് നമ്പർ ലഭിക്കാനും ഒരാഴ്ചയെടുക്കുന്നു. അതുകഴിഞ്ഞ് ബില്ലടിച്ച് ഡിഎസി നമ്പറിൻറെ മെസേജ് ലഭിക്കാനും കാത്തിരിക്കണം. സാധാരണ ഡിഎസി നമ്പർ ലഭിച്ചാൽ പാചകവാതക സിലിണ്ടർ ഉറപ്പാണ്. എന്നാൽ, പലയിടത്തും സിലിണ്ടർ ലഭിക്കാൻ പിന്നെയും ആഴ്ചകൾ കാത്തിരിക്കണം.

കുളമായി ഓൺലൈൻ ഡെലിവറി

പാചകവാതക ക്ഷാമം ഓൺലൈൻ ഭക്ഷണ വിതരണത്തെയും ബാധിക്കുന്നു. ഭക്ഷണമെത്തിക്കുന്ന ഗിഗ് തൊഴിലാളികളുടെ ഉപജീവനമാർഗവും അവതാളത്തിലായ അവസ്ഥയാണ്. ഭക്ഷണം തയാറാക്കാൻ സമയമെടുക്കുന്നതാണ് പ്രധാന വിഷയം. മിക്ക ഹോട്ടലുകളും പ്രവർത്തനസമയം വെട്ടിച്ചുരുക്കി. ഇതിനാൽ ഓർഡറുകൾ കൃത്യസമയത്ത് എത്തിക്കാൻ കഴിയുന്നില്ല. മുൻപ് ഓൺലൈനായി ഓർഡർ ചെയ്ത ഭക്ഷണം പതിനഞ്ച് മിനിറ്റിനകം ഹോട്ടലുകളിൽ നിന്ന് തയാറാക്കി നൽകുമായിരുന്നു.

എന്നാൽ പാചകവാതക ക്ഷാമം തുടങ്ങിയതോടെ ഭക്ഷണം തയാറാക്കാൻ അരമണിക്കൂർ വരെ വൈകുന്നുണ്ട്. അസം, ബംഗാൾ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിനായി അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ മടങ്ങിയത് ഹോട്ടലുകളിൽ തൊഴിലാളി ക്ഷാമവും രൂക്ഷമാക്കി. ഹോട്ടലുകൾ മെനു വെട്ടിക്കുറച്ചത് ഭക്ഷണ വിതരണ തൊഴിലാളികൾക്ക് തിരിച്ചടിയാണ്.

അടിസ്ഥാന ശമ്പളമില്ല

രാവിലെ എട്ടുമുതൽ രാത്രി 12 വരെ ജോലി ചെയ്താൽ 1500- 2000 രൂപ വരെ ഒപ്പിക്കാം. ഓർഡറുകളുടെ എണ്ണം കുറഞ്ഞതോടെ ഇതും ലഭിക്കാതെയായി. ഗിഗ് തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളമില്ല. ഓർഡർ അനുസരിച്ചാണ് ശമ്പളം. ഓർഡറുമായി ഒരു കിലോമീറ്റർ ടൂ വീലർ ഓടിച്ചാൽ 4 രൂപയാണ് ഇന്ധന ചെലവ് ഉൾപ്പെടെ ലഭിക്കുന്നത്.

കമ്പനികൾ വ്യത്യാസപ്പെടുമ്പോൾ ഇതിൽ മാറ്റമുണ്ടാവാം. സൗജന്യമായി യൂണിഫോം നൽകാൻ പോലും കമ്പനികൾ തയ്യാറാവുന്നില്ല. കമ്പനിയുടെ ബാഗും യൂണിഫോമും വാങ്ങാൻ കൈക്കാശ് മുടക്കണം. ആരോഗ്യമുള്ളിടത്തോളം ജോലി ചെയ്യാമെന്നല്ലാതെ തൊഴിൽ സുരക്ഷയില്ല. പിഎഫ്, ഇഎസ്ഐ ആനുകൂല്യങ്ങളും ഇവർക്ക് ഇല്ല. വിവിധ വിതരണ കമ്പനികളിലായി ജില്ലയിൽ 1000 ഓളം ഫുഡ് ഡെലിവറി തൊഴിലാളികളുണ്ട്.

# നെയ്യാറ്റിൻകര ജനറൽ ആശുപത്രി ഒപി വിഭാഗത്തിൽ അപകടക്കെണി

നെയ്യാറ്റിൻകര: ദിവസവും ആയിരക്കണക്കിന് രോഗികൾ ആശ്രയിക്കുന്ന നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഒപിക്കു മുന്നിലെ അപകടക്കെണിക്കു നേരെ കണ്ണടച്ച് അധികൃതർ.

ആശുപത്രിയിലെ ഒപിയിൽ രോഗികൾ ക്യൂ നിൽക്കുന്ന ഭാഗത്തെ മാൻഹോളിൻറെ അടപ്പ് പൊട്ടിയതാണ് അധികൃതർ കണ്ടില്ലെന്നു നടക്കുന്നത്.

മാൻഹോളിൻറെ മുകൾഭാഗത്തെ അടപ്പ് പൊട്ടി മാറ്റിവച്ചിരിക്കുന്നതു പോലെയാണ്. അകത്തെ തുരുമ്പെടുത്ത കാഴ്ചപുറത്ത് കാണാനാകും. കുട്ടികൾ, വയോജനങ്ങൾ ഉൾപ്പെടെയുള്ളവർ ഈ ക്യൂവിൽ വരാറുണ്ട്. അധികൃതരുടെ അനാസ്ഥയുടെ ഏറ്റവും വലിയ ഉദാഹരണമാണിതെന്ന് ചില രോഗികൾ പ്രതികരിച്ചു. അപകടത്തിനുശേഷം പരിഹാരം കാണാനായിരിക്കും അധികൃതർക്ക് താത്പര്യമെന്നും ആരോപണമുയർന്നു.

# ജലാശയങ്ങൾ വറ്റുന്നു; ഗ്രാമീണ മേഖലയിൽ കുടിവെള്ള ക്ഷാമം

നെടുമങ്ങാട്: വേനൽ കടുത്തതോടെ ജലാശയങ്ങൾ വറ്റിവരണ്ടു. ഗ്രാമീണ മേഖലയിൽ കുടിവെള്ള ക്ഷാമം രൂക്ഷം.

പനവൂർ പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിലാണു കുടിവെള്ള ക്ഷാമം രൂക്ഷമായിരിക്കുന്നത്. പൈപ്പ് ലൈനിലൂടെ വെള്ളം ലഭിക്കുന്നത് കുറഞ്ഞതോടെ നാട്ടുകാർ പരക്കം പായുകയാണ്.

വേനൽ കടുത്തതോടെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം കിട്ടാക്കനിയായി. ഇനിയും വേനൽ തുടർന്നാൽ വരും ദിവസങ്ങളിൽ ശുദ്ധജലത്തിനായി ജനങ്ങൾ അലയേണ്ടിവരും. പേരയം, പുല്ലാമല ഉന്നതി, കോതകുളങ്ങര, വഞ്ചുവം, വെങ്കിട്ടക്കാല, മൊട്ടക്കാവ്, ആട്ടുകാൽ, പൂവക്കാട്, ഏരുമല, കുളപ്പാറ, കൊച്ചുപാലോട് തുടങ്ങിയ പ്രദേശങ്ങളിലും ശുദ്ധജല ക്ഷാമം രൂക്ഷമാണ്.

വേനൽ കടുത്തതോടെ കിണറുകളിലും വെള്ളം വറ്റിത്തുടങ്ങി. പൈപ്പ് ലൈനുകളിലൂടെ വല്ലപ്പോഴുമാണു കുടിവെള്ളമെത്തുന്നത്. മുൻപ് രണ്ടാഴ്ചയിലൊരിക്കൽ ജലവിതരണം നടത്തുമായിരുന്നെങ്കിലും ഇപ്പോൾ അതും ഉണ്ടാകുന്നില്ല.

പൂവക്കാട്, അജയപുരം പ്രദേശങ്ങളിൽ കുറച്ച് നാളുകൾക്കുശേഷം വോട്ടെടുപ്പിൻറെ തലേദിവസമാണു പൈപ്പ് ലൈനിലൂടെ വെള്ളം എത്തിയത്. അതും രണ്ടു ദിവസം മാത്രം. ഒരാഴ്ച മുൻപ് വൈകുന്നേരം മഴ ലഭിച്ചതിനെ തുടർന്നാണ് ആറ്റിൽ ചെറിയ തോതിൽ ജലനിരപ്പ് ഉണ്ടായത്. എന്നാൽ കിണറുകളിൽ ജലത്തിൻറെ അളവ് ഓരോ ദിവസം കഴിയുന്തോറും താഴുകയാണ്.

കുടിവെള്ളം എത്തിക്കാൻ അധികൃതർ നടപടിയെടുക്കണമെന്നു നാട്ടുകാർ ആവശ്യപ്പെട്ടു.

# ചട്ടമ്പിസ്വാമിയുടെ സമാധിദിനം ആചരിച്ചു

വെള്ളറട: മാരായമുട്ടം ബമണ്ണൂർ ഭഗവതി എൻഎസ്എസ് കരയോഗത്തിൻറെ നേതൃത്വത്തിൽ ചട്ടമ്പിസ്വാമിയുടെ സമാധിദിനം ആചരിച്ചു. കരയോഗം പ്രസിഡൻറ് മണ്ണൂർ ശ്രീകുമാറിൻറെ നേതൃത്വത്തിൽ ഛായചിത്രത്തിൽ പുഷ്പാർച്ചന നടത്തി. കരയോഗം സെക്രട്ടറി ഗോപകുമാർ, ഭാരവാഹികളായ സുജിത്കുമാർ, ബിജുലാൽ, സുരേന്ദ്രൻ നായർ, രഞ്ജിത്കുമാർ, സതികുമാർ, കൃഷ്ണൻ നായർ എന്നിവർ പങ്കെടുത്തു.

# തിരുവല്ലം ക്രൈസ്റ്റ് നഗർ സ്കൂളിന് 100 ശതമാനം വിജയം

തിരുവനന്തപുരം: സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ തിരുവല്ലം ക്രൈസ്റ്റ് നഗർ സീനിയർ സെക്കൻഡറി സ്കൂൾ മികച്ച വിജയം കൈവരിച്ചു. 327 വിദ്യാർഥികളാണ് പരീക്ഷയെഴുതിയത്. സ്കൂളിൻറെ മികച്ച പ്രകടനം കൈവരിച്ച വിദ്യാർഥികളിൽ അദ്വൈത അമിത് പതസ്കർ 99.2, ദേവനന്ദ അഭിജിത്ത് -99, എസ്.എൽ. അസിൻ - 98.6 ശതമാനം മാർക്കുനേടി.എ. ലക്ഷ്മി ധനുജ, അനാമിക എ. നായർ, എച്ച്.എസ്. അദ്ധിൻ, ജെ.എസ്. വാസുദേവ്, ഹൃദയ സന്തോഷ്, എസ്.എസ്. ആവണി, പവിത്ര ഷീന നായർ, ഫർഹാൻ മുജീബ്, അനുഷ്ക ഹെൻട്രി പീറ്റർ, എൻ. മുഹമ്മദ് ഇർഫാൻ, ആദിത്യ ഹരികുമാർ, എ.എൽ. പവിത്ര എന്നിവർ 98 ശതമാനത്തിൽ മുകളിൽ മാർക്ക് നേടി.

# സിഎസ്ഐ കാനക്കോട് സഭയുടെ 121-ാമത് വാർഷികാഘോഷം

വെള്ളറട: സിഎസ്ഐ ദക്ഷിണ കേരള മഹായിടവകയിലെ പേരിമ്പകോണം വൈദിക ജില്ലയിൽ ഉൾപ്പെട്ട കാനക്കോട് ഇടവകയുടെ 121 ാം വാർഷിക ആഘോഷങ്ങളുടെ ഉദ്ഘാടനം ഫാ. ആർ. ജയരാജ് നിർവഹിച്ചു.

ഏകദിന കൺവൻഷൻ, നവജാതശിശു അനുഗ്രഹം, വൈദികപട്ടം ലഭിച്ച എസ്.വി. ദീപു സോളമന് അനുമോദനം, സൗജന്യ മെഡിക്കൽ ക്യാമ്പ്, ചർച്ചിനുവേണ്ടി വാങ്ങിയ ഇലക്ട്രിക് ഓർഗണിൻറെ പ്രതിഷ്ഠ, എന്നിവയോടെ ഒരാഴ്ച നീണ്ടുനിന്ന ആഘോഷങ്ങളുടെ സമാപന സമ്മേളനം മഹായിടവക സൺഡേ സ്കൂൾ സെക്രട്ടറി ഫാ. ഷെറിൻ ഉദ്ഘാടനം ചെയ്തു. പേരിമ്പകോണം ഡിസ്ടിക്ട് ചെയർമാൻ വി.കെ. ശാമുവേൽ അധ്യക്ഷത വഹിച്ചു.

ഇടവക വൈദികൻ ഫാ. ആർ. ജയരാജ്, മഹായിടവക പ്രോഗ്രാം കൺവീനർ പെരുങ്കടവിള റസിലയ്യൻ, യുവജനവിഭാഗം സെക്രട്ടറി വിജീഷ് കുവാട്, ഡിസ്ടിക്ട് കൗൺസിൽ സെക്രട്ടറി വിജയരാജ്, ജില്ലാപഞ്ചായത്ത് അംഗം ആനിപ്രസാദ്, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൻ ഡി. ലൈല, എസ്. വിജയരാജ്, പി. പ്രസന്നകുമാരി, പ്രേംജിത്ത്, കാനക്കോട് ബാലരാജ്, മഹായിടവക എക്സിക്യൂട്ടീവ് അംഗം അജയൻ ആലത്തൂർ, ഇടവക സെക്രട്ടി പ്രിൻസ് ജയകുമാർ എന്നിവർ പ്രസംഗിച്ചു.

# വെഞ്ഞാറമൂട് റോട്ടറി ക്ലബിൻെറ കരുതലിൽ രമയ്ക്ക് സ്നേഹഭവനം

വെഞ്ഞാറമൂട്: നിർധന കുടുംബത്തിന് വീടു നിർമിച്ചു നൽകി വെഞ്ഞാറമൂട് റോട്ടറി ക്ലബ് മാതൃകയായി. ആലന്തറ ഉദിമൂട് സ്വദേശി രമയ്ക്കാണ് ക്ലബ് വീടു നിർമിച്ചു നൽകിയത്. വെഞ്ഞാറമൂട് റോട്ടറി ക്ലബിൻറെ ഡിസ്ട്രിക് പ്രോജക്ടിൻറെ ഭാഗമായാണ് രമയ്ക്ക് ഭവനമൊരുക്കിയത്.വിഷുദിനത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം പി.വി. രാജേഷിൻറെ സാന്നിധ്യത്തിൽ സിനിമാതാരം സുരാജ് വെഞ്ഞാറമൂടും റോട്ടറി ക്ലബ്ബ് പ്രസിഡൻറ് സ്വപ്ന സജിയും ചേർന്നു രമയ്ക്ക് വീടിൻറെ താക്കോൽ കൈമാറി. പിഎജിമാരായ വി.വി. സജി, ശശിധരൻ നായർ, റൊട്ടേറിയന്മാരായ ദിലീപ് കുമാർ, മോഹനൻ, തോമസ് കോശി, കമലാകരക്കുറുപ്പ്, ബാലഗംഗാധരൻ, രജിത്ത് തുടങ്ങിയവർ പങ്കെടുത്തു.

# ബോട്ട്യാത്ര: സുരക്ഷ കർശനമാക്കി മാരിടൈം ബോർഡ്

കൊല്ലം: അവധിക്കാലത്ത് കുട്ടികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികളുടെ തിരക്ക് വർധിക്കുന്ന സാഹചര്യത്തിൽ ബോട്ട് സർവീസിനു സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് കേരള മാരിടൈം ബോർഡ്. സുരക്ഷിത ജലയാത്ര ഉറപ്പുവരുത്താൻ 2021ലെ ഇൻലൻറ് വെസൽസ് ആക്ട് പ്രകാരം നിയമാനുസൃതമായ ലൈസൻസ് ജീവനക്കാർക്ക് ഉണ്ടാകണം.

ബോട്ടുകൾ സഞ്ചരയോഗ്യമെന്ന് ഉറപ്പുവരുത്തണം. ഇതിനായി ബോട്ട് സർവീസ് നടത്തുന്നയിടങ്ങളിൽ എൻഫോഴ്സ്മെൻറ് പരിശോധന കർശനമാക്കി. മതിയായ സുരക്ഷാ മാനദണ്ഡങ്ങൾ, രജിസ്ട്രേഷൻ, സർവേ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് തുടങ്ങിയ നിയമാനുസൃതമായ രേഖകൾ ഇല്ലാതെ സർവീസ് നടത്തുന്ന ബോട്ടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. ഓരോ ബോട്ടിനും അനുവദിച്ചിട്ടുള്ള പാസഞ്ചർ കപ്പാസിറ്റിയിലുള്ള യാത്രക്കാരെ മാത്രമേ കയറ്റാൻപാടുള്ളൂ.

എല്ലാ യാത്രക്കാരും ഗുണനിലവാരമുള്ള ലൈഫ് ജാക്കറ്റുകൾ ധരിച്ചിട്ടുണ്ടോ ജീവനക്കാർ ഉറപ്പുവരുത്തണം. സുരക്ഷ സംബന്ധിച്ച് എല്ലാ നിർദേശങ്ങളും സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗവും യാത്രക്കാരെ ബോധിപ്പിക്കണമെന്നും കൊല്ലം പോർട്ട് കൺസർവേറ്റർ കെ. അനിൽകുമാർ നിർദേശംനൽകി.

# വീടിൻറെ വർക്ക് ഏരിയയും അടുക്കളയും കത്തിനശിച്ചു

പേരൂർക്കട: പുതുതായി പണികഴിപ്പിച്ച ഇരുനില വീടിൻറെ അടുക്കളയും വർക്ക് ഏരിയയും കത്തിനശിച്ചു. 15 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നതായി ഫയർഫോഴ്സ് അധികൃതർ.കഴിഞ്ഞദിവസം ഉച്ചയ്ക്ക് 12 മണിയോടുകൂടിയായിരുന്നു സംഭവം. പേരൂർക്കട കുടപ്പനക്കുന്ന് ഊന്നംപാറയ്ക്ക് സമീപം അരുൺ എസ്. കുമാറിൻറെ ശ്രീദക്ഷ എന്ന വീട്ടിലായിരുന്നു തീപിടിത്തം. ഒരു വർഷത്തിനു മുമ്പാണ് വീട് പൂർണമായും പണികഴിപ്പിച്ചത്. ഊന്നംപാറയിൽ മാർഷൻ പാം ഹിൽസ് എന്ന ഫ്ലാറ്റ് സമുച്ചയത്തിനു സമീപമാണ് വീട് സ്ഥിതി ചെയ്യുന്നത്. അടുക്കളയുപകരണങ്ങൾ പൂർണമായും കത്തിനശിച്ചു. വർക്ക് ഏരിയയിലുണ്ടായിരുന്ന സാധനസാമഗ്രികളും കത്തി നശിച്ചവയിൽ ഉൾപ്പെടുന്നു.

ഇതുകൂടാതെ അമിതമായ ചൂടുമൂലം മുകളിലത്തെ നിലയിൽ ഉണ്ടായിരുന്ന ഫ്രിഡ്ജ്, എസി, മറ്റ് ഗൃഹോപകരണങ്ങൾ, വസ്ത്രങ്ങൾ, ടെലിവിഷൻ തുടങ്ങിയവയ്ക്കും കേടുപാടുകൾ ഉണ്ടായി. താഴത്തെ നിലയിൽ നിന്ന് പടർന്ന തീയുടെ ചൂട് കാരണം ജിപ്സം കൊണ്ടു നിർമിച്ചിട്ടുള്ള ബോർഡും തടികൊണ്ട് നിർമിച്ച പാനലും കത്തിനശിച്ചിട്ടുണ്ട്. ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിനു കാരണമെന്ന പ്രാഥമിക നിഗമനത്തിലാണ് ഫയർഫോഴ്സ്. വീടിനുള്ളിലെ സ്വിച്ച് ബോർഡ് പാനലിൻറെ സ്ഥലത്തെ ഭാഗങ്ങൾ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തിയതിനാൽ വയറിംഗു മായി ബന്ധപ്പെട്ട പ്രശ്നമാണ് തീപിടിത്തത്തിന് കാരണമെന്ന് അനുമാനിക്കുന്നു. സംഭവം നടക്കുമ്പോൾ വീടിനുള്ളിൽ ആൾക്കാർ ഉണ്ടായിരുന്നെങ്കിലും അവർ രക്ഷപ്പെട്ടു.

തിരുവനന്തപുരം നിലയത്തിൽനിന്ന് സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ പ്രേംകുമാറിൻറെ നേതൃത്വത്തിൽ രണ്ട് യൂണിറ്റെത്തി രണ്ടു മണിക്കൂർ പരിശ്രമിച്ചാണ് തീ പൂർണമായും കെടുത്തിയത്.

# പോഷൻ പക്വാടാ 2026 സംഘടിപ്പിച്ചു

നെടുമങ്ങാട്: വനിതാ ശിശുവികസന വകുപ്പിൻറെ 2026 പോഷൻ പക്വാടാ നെടുമങ്ങാട് നഗരസഭ ചെയർപേഴ്സൺ അഡ്വ. ആർ. ജയദേവൻ ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ അർജുനൻ അധ്യക്ഷത വഹിച്ചു. ശിശുവികസന പദ്ധതി ഓഫീസർ ഡോ. പ്രീതാകുമാരി പരിപാടിയെകുറിച്ചുള്ള അവബോധം നൽകി.

വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സി. സാബു, ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലിസി വിജയൻ, കൗൺസിലർമാരായ ചന്ദ്രകുമാർ, ശൈലജ, ഇരുമരം സജി, നിഷാദ്, അനിത, സജിത, പ്രശാന്ത്, സൂപ്പർവൈസർ സൗമ്യ മോൾ, സിഡബ്ല്യൂസി കാർത്തിക, സ്കൂൾ കൗൺസിലർ ലക്ഷ്മി എന്നിവർ പങ്കെടുത്തു. അങ്കണവാടി പ്രവർത്തകർ പോഷകാഹാര പ്രദർശനം നടത്തി. നെടുമങ്ങാട് റേഞ്ച് എക്സൈസ് ഇൻസ്പെക്ടർ അനിൽകുമാർ ലഹരിക്കെതിരായ ബോധവത്കരണം ക്ലാസുകൾ നയിച്ചു.

# എം. ബി. എ അഭിമുഖം

തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെൻറിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) 2026-28 ബാച്ചിലേയ്ക്കുള്ള അഭിമുഖം ഏപ്രിൽ 25 രാവിലെ 10 മുതൽ നെയ്യാർ ഡാമിലെ കിക്മ ക്യാമ്പസിൽ നടക്കും.

കേരള സർവകലാശാലയുടെയും എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര കോഴ്സിൽ ലോജിസ്റ്റിക്സ്, ബിസിനസ് അനലിറ്റിക്സ്, ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, എന്നിവയിൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്കും ഫിഷറീസ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്കും പ്രത്യേക സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

എസ്.സി./ എസ്.റ്റി/ ഒ.ഇ.സി വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും കെ-മാറ്റ്/ സി-മാറ്റ്/ ക്യാറ്റ് പ്രവേശന പരീക്ഷ സ്കോർ കാർഡ് ഉള്ളവർക്കും അതിനായി തയ്യാർ എടുക്കുന്നവർക്കും അഭിമുഖത്തിൽ പങ്കെടുക്കാം.

കൂടുതൽ വിവരങ്ങൾക്ക്: 9496366741/ 8547618290, വെബ്സൈറ്റ്: www.kicma.ac.in.

## ജെറിയാട്രിക് കെയർ ഡിപ്ലോമ കോഴ്സിന് അപേക്ഷിക്കാം

ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിങ് സ്കൂളിൽ വയോജന പരിചരണം പരിശീലിപ്പിക്കുന്ന ആറ് മാസം ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത: പ്ലസ്ടു. പ്രായപരിധി: 50 വയസ്. അപേക്ഷകൾ ഓൺലൈനായി ഠwww.ihrdadmissions.org യിൽ മെയ് 4 വരെ സമർപ്പിക്കാം. കൂടുതൽവിവരങ്ങൾക്ക്: 9567298330,

## ഗുസ്തി താരങ്ങളോട് നീതി പുലർത്തിയോ; വനിതാ സംവരണ ഭേദഗതി ബില്ലിൽ പ്രതികരിച്ച് എ. എൻ. ഷംസീർ

തിരുവനന്തപുരം: വനിതാ സംവരണ ഭേദഗതി ബില്ലിൽ പ്രതികരിച്ച് നിയമസഭ സ്പീക്കർ എ. എൻ. ഷംസീർ. ലക്ഷ്യം വനിതാ സംവരണമല്ല, ഏകാധിപത്യമാണ് ലക്ഷ്യമെന്ന് ഷംസീർ പറഞ്ഞു. അതിനെ ജനാധിപത്യം കൊണ്ട് ജനങ്ങൾ തോൽപ്പിച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി.

രാജ്യം ഭരിക്കുന്നവർ ഭരണഘടനയെ ഗൗരവമായല്ല കാണുന്നത്. വനിതാ സംവരണ ബില്ല് പാസാക്കാൻ കഴിയില്ലെന്ന് ജനങ്ങൾ തെളിയിച്ചു. 12 വർഷമായി ഭരണഘടനയെ ഇല്ലാതാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നുവെന്നും ഷംസീർ ആരോപിച്ചു.

ഗുസ്തി താരങ്ങളോട് നീതി പുലർത്തിയോ എന്ന് ചോദിച്ച നിയമസഭ സ്പീക്കർ, ഭരണഘടനയെ അട്ടിമറിക്കാൻ ശ്രമിക്കുന്നവരെ ഹംഗറിക്ക് സമാനമായി ജനങ്ങൾ എതിർക്കുമെന്നും കൂട്ടിച്ചേർത്തു. അതേസമയം ലോക്സഭയിൽ നടന്ന വോട്ടെടുപ്പിൽ വനിത സംവരണ ഭേദഗതി ബില്ല് പ്രതിപക്ഷം പരാജയപ്പെടുത്തിയിരുന്നു.

# പെട്രോൾ തീർന്ന ബൈക്കുമായി റോഡിൽ നിന്നു; വാനിടിച്ച് വിദ്യാർഥിക്ക് ദാരുണാന്ത്യം

ആലപ്പുഴ: ബൈക്കിൽ പിക്കപ്പ് വാനിടിച്ചുണ്ടായ അപകടത്തിൽ യുവാവിന് ദാരുണാന്ത്യം. ഗുതരമായി പരിക്കേറ്റ സഹയാത്രികൻ ആശുപത്രിയിൽ ചികിത്സയിലാണ്. താമരക്കുളം കിഴക്കേമുറി പച്ചക്കാട് വിദ്യാഭവനത്തിൽ ഹരിനാരായണൻ (20) ആണ് മരിച്ചത്.

സുഹൃത്ത് ആദിത്യൻ (20) ആണ് പരിക്കേറ്റ് ചികിത്സയിലുള്ളത്. ഞായറാഴ്ച രാത്രി ഒൻപതോടെ ആയിരുന്നു അപകടം. ബൈക്ക് പെട്രോൾ തീർന്ന് നിന്നു പോയി. പിന്നീട് മറ്റൊരു സുഹൃത്തായ അക്ഷയുമായി ചേർന്ന് വാഹനം പരിശോധിച്ചു നിൽക്കുമ്പോൾ കോഴികയറ്റി വന്ന പിക്കപ് വാൻ ഇടിക്കുകയായിരുന്നു.

ഹരിനാരായണൻ അപകട സ്ഥലത്ത് വച്ച് തന്നെ മരിച്ചു. ആദിത്യനെ ഉടൻ തന്നെ ആശുപത്രിയിലേക്ക് മാറ്റി. അക്ഷയുടെ പരിക്ക് സാരമുള്ളതല്ല. കോതമംഗലം നെല്ലിക്കുഴി ഇന്ദിരാഗാന്ധി കോളേജ് ഓഫ് ആർട്സ് ആൻറ് സയൻസിലെ ഒന്നാം വർഷ ബിബിഎ വിദ്യാർഥിയാണ് ഹരിനാരായണൻ.

# വിദ്യാർഥികൾക്കായുള്ള 'കലപില' സമ്മർ ക്യാമ്പിന് തുടക്കമായി കോവളം ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ ഏപ്രിൽ 26 വരെ

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ്പ് മിഷനും (കെഎസ് യുഎം) കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജും സംയുക്തമായി സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന 'കലപില' സമ്മർ ക്യാമ്പിൻറെ മൂന്നാം പതിപ്പിന് തുടക്കമായി.കോവളം വെള്ളാറിലെ ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ നടക്കുന്ന കലപില -2026 ൽ അഞ്ച് മുതൽ 16 വയസ്സ് വരെ പ്രായമുള്ള 120 ഓളം കുട്ടികളാണ് പങ്കെടുക്കുന്നത്. കുട്ടികളിൽ സർഗാത്മകത, നവീകരണം, സംരംഭകത്വ മനോഭാവം എന്നിവ വളർത്തിയെടുക്കുന്നതിനായി രൂപകൽപ്പന ചെയ്ത സംരംഭമാണ് 'കലപില'. ആറ് ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പ് ഏപ്രിൽ 26 ന് അവസാനിക്കും.



കേരള സ്റ്റാർട്ടപ്പ് മിഷനും കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജും സംയുക്തമായി കോവളം വെള്ളാറിലെ ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ സംഘടിപ്പിച്ച കലപില സമ്മർ ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ.

പ്രശസ്ത കലാകാരൻ പരാഗ് പന്തീരാങ്കാവ് രൂപകൽപ്പന ചെയ്ത ഭീമാകാരമായ നാടൻ സ്ലേറ്റിൻറെ ഇൻസ്റ്റലേഷൻ ക്രാഫ്റ്റ് വില്ലജ് ക്യാമ്പസ്സിൽ സ്ഥാപിച്ചുകൊണ്ടാണ് ക്യാമ്പ് ആരംഭിച്ചത്. ക്യാമ്പിലെത്തിയ കുരുന്നുകൾ ഒത്തുകൂടി ഈ സ്ലേറ്റിൽ ചിത്രങ്ങൾ വരച്ചുകൊണ്ട് കലയുടെയും വിനോദത്തിൻറെയും ലോകത്തേക്ക് ആദ്യ ചുവടുവെച്ചു. കുട്ടികളുടെ ഭാവനയെയും സ്വതന്ത്രമായ ആവിഷ്കാരങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്ലേറ്റ് ഇൻസ്റ്റലേഷൻ ഒരുക്കിയത്.

ക്യാമ്പിൻറെ ആദ്യദിവസം പരാഗ് നയിച്ച ജയൻറ് പപ്പട്രി, വിപിൻ ദാസ് പരപ്പനങ്ങാടി, ജിത്തു കൊടക്കാട് എന്നിവർ നേതൃത്വം നൽകിയ തിയേറ്റർ വർക്ക് ഷോപ്പ് എന്നിവ കുട്ടികൾക്ക് വേറിട്ട അനുഭവമായി.വരുംദിവസങ്ങളിൽ റോബോട്ടിക്സ് ശിൽപശാല, പോട്ടറി, കളരിപ്പയറ്റ്, സംഗീതം, ക്രാഫ്റ്റ് വർക്ക് ഷോപ്പുകൾ, കമ്മ്യൂണിറ്റി സന്ദർശനം തുടങ്ങി വൈവിധ്യമാർന്ന പരിപാടികളാണ് ക്യാമ്പിൽ ഒരുക്കിയിരിക്കുന്നതെന്ന് ക്രാഫ്റ്റ് വില്ലേജ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ടി.യു ശ്രീപ്രസാദ് പറഞ്ഞു.

പരമ്പരാഗത അവധിക്കാല പ്രവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമായി കല, കരകൗശലം, വൈദഗ്ദ്ധ്യം, സർഗാത്മകത, സംരംഭകത്വം എന്നിവ സംയോജിപ്പിച്ച് കുട്ടികളിൽ വ്യക്തിത്വവും നവീകരണവും പരിപോഷിപ്പിക്കാൻ സഹായിക്കുന്ന രീതിയിലാണ് 'കലപില' ക്യാമ്പ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. പ്രശ്നപരിഹാരം (പ്രോബ്ലം സോൾവിങ്), സർഗാത്മകത, സംരംഭക ചിന്ത എന്നിവ പ്രോത്സാഹിപ്പിക്കുന്ന വർക്ക് ഷോപ്പുകളും സംവേദനാത്മക പ്രവർത്തനങ്ങളും ക്യാമ്പിൽ ഉൾപ്പെടും.

## മസ്കിന് സമൻസ് അയച്ച് ഫ്രാൻസ്

പാരീസ്: സമൂഹമാധ്യമമായ എക്സിനെതിരായ അന്വേഷണത്തിൻറെ ഭാഗമായി ഫ്രാൻസ് ഇലോൺ മസ്കിന് സമൻസ് അയച്ചു. എക്സിൽ കുട്ടികളുടെ അശ്ലീലദൃശ്യങ്ങൾ പ്രചരിപ്പിച്ചു, വ്യാജ ഡീപ് ഫേക്ക് ദൃശ്യങ്ങൾ തടഞ്ഞില്ല തുടങ്ങിയ ആരോപണങ്ങളിലാണു നടപടി. എന്നാൽ മസ്ക് ഹാജരാകുമോയെന്ന് വ്യക്തമല്ല. എക്സിൻറെ മുൻ സിഇഒ ലിൻഡ യാക്കറിനോയ്ക്കും സമൻസ് നൽകിയിട്ടുണ്ട്. എക്സിലെ മറ്റ് ജീവനക്കാരെ ഈ ആഴ്ച സാക്ഷികളായി വിസ്തരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് പാരീസ് പ്രോസിക്യൂട്ടറുടെ ഓഫീസ് അറിയിച്ചു.

## വിരുദനഗർ പടക്ക നിർമാണ ശാലയിലെ സ്ഫോടനം; പ്രതികൾ കീഴടങ്ങി

ചെന്നൈ: വിരുദനഗർ പടക്ക നിർമാണ ശാലയിലുണ്ടായ സ്ഫോടനവുമായി ബന്ധപ്പെട്ട കേസിലെ പ്രധാനപ്രതികൾ കീഴടങ്ങി. ഫാക്ടറി ഉടമകളായ ഈശ്വരി, ഭർത്താവ് മുത്തുമാണിക്യം എന്നിവരാണ് വിരുദനഗർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കീഴടങ്ങിയത്.

ഇവരുടെ നാല് ബന്ധുക്കളെ ഇന്നലെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഈശ്വരിയേയും മുത്തുമാണിക്യത്തിനെയും കണ്ടെത്താൻ പോലീസ് നാല് സംഘങ്ങളായി തിരിഞ്ഞ് അന്വേഷണം നടത്തിവരികയായിരുന്നു. സ്ഫോടനത്തിൽ 25 പേർ മരിച്ചു. അപകടത്തിനു പിന്നാലെ വനജ ഫയർ വർക്ക്സിൻറെ ലൈസൻസ് സസ്പെൻഡ് ചെയ്തിരുന്നു.

സംഭവത്തിൽ മദ്രാസ് ഹൈക്കോടതി ഇടപെട്ടു. നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കാൻ സർക്കാരിന് നിർദേശം നൽകി. ദുരന്തത്തിൽ സ്വമേധയാ കേസെടുക്കണമെന്ന അഡ്വ. ആർ. കരുണാനിധിയുടെ അപേക്ഷ പരിഗണിച്ചാണ് കോടതി ഇടപെടൽ.

## ഇസ്രേലി സൈനികൻ ക്രൂശിതരൂപം തകർത്തു; മാപ്പു ചോദിച്ച് നെതന്യാഹു

ബെയ്റൂട്ട്: തെക്കൻ ലബനനിലെ ഇസ്രയേലിനോടു ചേർന്ന ക്രിസ്ത്യൻ ഭൂരിപക്ഷ ഗ്രാമമായ ഡെബേലിൽ ഇസ്രേലി സൈനികൻ യേശുക്രിസ്തുവിൻറെ തിരുസ്വരൂപം തകർത്തതു വിവാദമായി.

ഇതിൻറെ ചിത്രങ്ങൾ പ്രചരിക്കുകയും പ്രതിഷേധം ശക്തമാകുകയും ചെയ്തതോടെ ചിത്രത്തിൻറെ ആധികാരികത പരിശോധിക്കാൻ ഇസ്രയേൽ സൈന്യം തീരുമാനിക്കുകയും തിരുസ്വരൂപം തകർത്തതു തങ്ങളുടെ സൈനികൻതന്നെയാണെന്നു സ്ഥിരീകരിക്കുകയുമായിരുന്നു.

പ്രാഥമിക പരിശോധനയിൽ ലബനനിൽ പ്രവർത്തിക്കുന്ന ഇസ്രേലി സൈനികനാണു ചിത്രത്തിലുള്ളതെന്ന് വ്യക്തമായതായും സംഭവത്തെ വളരെ ഗൗരവത്തോടെയാണു കാണുന്നതെന്നും സൈനികൻറെ പ്രവൃത്തി തങ്ങളുടെ മൂല്യങ്ങൾക്കു വിപരീതമാണെന്നും ഇസ്രയേൽ പ്രതിരോധ സേന പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

നിലവിൽ നോർത്തേൺ കമാൻഡ് സംഭവത്തിൽ അന്വേഷണം തുടരുകയാണെന്നും കുറ്റകൃത്യത്തിൻറെ ഭാഗമായവർക്കെതിരേ തക്കതായ ശിക്ഷാനടപടിയുണ്ടാകുമെന്നും ഐഡിഎഫ് പ്രതികരിച്ചു.

സംഭവം തന്നെ അമ്പരപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്തുവെന്ന് ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. "ഈ പ്രവൃത്തിയെ ഞാൻ ശക്തമായി അപലപിക്കുന്നു. സൈനിക അധികാരികൾ ഈ വിഷയത്തിൽ അന്വേഷണം നടത്തുകയും കുറ്റവാളിക്കെതിരേ ഉചിതമായ കഠിനമായ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യും"-നെതന്യാഹു സമൂഹമാധ്യമമായ എക്സിൽ കുറിച്ചു. വിദേശകാര്യ മന്ത്രി ഗിഡിയൻ സാറും സംഭവത്തെ അപലപിച്ചു.

"ഗുരുതരവും അപമാനകരവുമായ കുറ്റകൃത്യമാണിത്. ഈ ലജ്ജാകരമായ നടപടി നമ്മുടെ മൂല്യങ്ങൾക്ക് പൂർണമായും വിരുദ്ധമാണ്. ക്രൈസ്തവരോട് മാപ്പു ചോദിക്കുന്നു"- വിദേശകാര്യമന്ത്രി എക്സിൽ പറഞ്ഞു.

സൈനികൻറെ നടപടി ഏറെ അസ്വസ്ഥതയുളവാക്കുന്നതും വേദനാജനകവുമാണെന്ന് പ്രമുഖ യഹൂദ റാബി ഡോ. കെന്നെത്ത് ബ്രാൻഡർ പറഞ്ഞു. ഇത്തരം അവഹേളന പ്രവർത്തനങ്ങൾ ഇസ്രേലി സേനയുടെ ആദർശങ്ങൾക്കും യഹൂദമതത്തിൻറെ മൂല്യങ്ങൾക്കും വിരുദ്ധമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ജാക്ക്ഹാമർ ഉപയോഗിച്ച് ഒരു സൈനികൻ ക്രൂശിതരൂപം തകർക്കുന്ന ചിത്രം പലസ്തീൻ മാധ്യമപ്രവർത്തകനായ യൂനിസ് തിരവിയാണ് എക്സിലൂടെ പങ്കുവച്ചത്. ഇത് സമൂഹമാധ്യമങ്ങളിൽ അതിവേഗം ചർച്ചയാകുകയായിരുന്നു.

ദൃശ്യങ്ങൾ പുറത്തുവന്നതോടെ ഇസ്രയേലിനെ പിന്തുണയ്ക്കുന്ന അമേരിക്കയിലെ തീവ്ര വലതുപക്ഷ രാഷ്ട്രീയ നേതാക്കളിൽനിന്നുപോലും കടുത്ത വിമർശനം ഉയർന്നിരുന്നു.

ലബനനിൽ ആരംഭിച്ച യുദ്ധത്തിനുശേഷം ഡെബേൽ ഗ്രാമത്തിൻറെ നിയന്ത്രണം ഇസ്രേലി സൈന്യം പിടിച്ചെടുത്തിരുന്നു.

## ഗൾഫ്-യൂറോപ്പ് റെയിൽ കോറിഡോറുമായി തുർക്കി, സിറിയ, ജോർദാൻ രാജ്യങ്ങൾ

ഇസ്താംബൂൾ: ഹോർമുസ് കടലിടുക്കിൽ ഇറാൻ സൃഷ്ടിക്കുന്ന തടസങ്ങൾ ആഗോള ഇന്ധനനീക്കത്തെ ഗുരുതരമായി ബാധിച്ചിരിക്കേ ഗൾഫ് രാജ്യങ്ങളെ യൂറോപ്പുമായി ബന്ധിപ്പിക്കുന്ന റെയിൽ കോറിഡോർ യാഥാർഥ്യമാകാൻ സാധ്യതയേറി.

പദ്ധതിയുമായി മുന്നോട്ടു പോകാൻ തുർക്കി, സിറിയ, ജോർദാൻ എന്നീ രാജ്യങ്ങൾ തീരുമാനിച്ചു. പരമ്പരാഗത സമുദ്ര, കര വ്യാപാരശൃംഖലകളിലെ തടസങ്ങൾ വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിലാണു ബദൽ വ്യാപാരപാതകളെക്കുറിച്ചു തുർക്കി ആലോചിക്കുന്നതും അയൽരാജ്യങ്ങളുടെ പങ്കാളിത്തം തേടാൻ തീരുമാനിച്ചതും.

യൂറോപ്പിൽനിന്ന് തുർക്കി വഴി സിറിയൻ പ്രദേശം മുഴുവൻ കടന്നു തെക്ക് ജോർദാനിലേക്കു വ്യാപിച്ച്, മെഡിറ്ററേനിയൻ തുറമുഖങ്ങളെയും ഗൾഫ് വിപണികളെയും ബന്ധിപ്പിക്കുന്നതായിരിക്കും നിർദിഷ്ട റെയിൽ ശൃംഖല. ഇതിനായി മൂന്നു രാജ്യങ്ങളിലെയും റെയിൽ അടിസ്ഥാനസൗകര്യങ്ങൾ നവീകരിക്കുകയും പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യും. ഇതിനുള്ള ധാരണാപത്രം കഴിഞ്ഞദിവസം ഒപ്പുവച്ചു.

സംഘർഷങ്ങൾ മൂലം റഷ്യ, ഇറാൻ എന്നീ രാജ്യങ്ങളിലൂടെയുള്ള സമുദ്ര ഗതാഗതപാതകൾ തടസപ്പെടുന്ന സാഹചര്യത്തിലാണു സമാന്തര സംവിധാനത്തെക്കുറിച്ച് തുർക്കി ആലോചിച്ചത്. നിർദിഷ്ട റെയിൽ ശൃംഖല യാഥാർഥ്യമായാൽ രാജ്യത്തിനും മേഖലയ്ക്കാകെയും നേട്ടമാകുമെന്നും വിലപേശലുകൾക്കു പിന്നാലെ പോകേണ്ടിവരില്ലെന്നും തുർക്കി കരുതുന്നു.

യൂറോപ്പിലേക്കുള്ള ഇന്ധന നീക്കത്തിൻറെ പ്രധാന കേന്ദ്രമായി രാജ്യം മാറുമെന്നും തുർക്കി കരുതുന്നതായി ഫിനാൻഷ്യൽ ടൈംസ് റിപ്പോർട്ട് ചെയ്തു.

തുർക്കിക്കും ജോർദാനുമിടയിൽ ഭൂമിശാസ്ത്രപരമായ കണ്ണിയായി വർത്തിക്കുന്ന സിറിയയാണു നിർദിഷ്ട പദ്ധതിയിൽ മുഖ്യപങ്ക് വഹിക്കുക.

ജോർദാനാകട്ടെ നിർദിഷ്ട റെയിൽ ശൃംഖലയ്ക്ക് അറേബ്യൻ ഉപദ്വീപിലേക്ക് പ്രവേശനം നൽകുന്നു. ഇതുവഴി സൗദി അറേബ്യയുടെ ശൃംഖല ഉൾപ്പെടെയുള്ള ഗൾഫ് റെയിൽ സംവിധാനങ്ങളുമായി ഈ പാതയെ ബന്ധിപ്പിക്കാനാകുമെന്നും കരുതുന്നു.

## മാർപാപ്പയുമായുള്ള തർക്കം: ഓവൽ ഓഫീസിൽ നിന്നുള്ള ബൈബിൾ വായനയുമായി ട്രംപ്; ക്രിസ്തുവായി ചിത്രീകരിച്ച എഐ ചിത്രം പിൻവലിച്ചു

വാഷിംഗ്ടൺ: ലിയോ പതിനാലാമൻ മാർപാപ്പയുമായുള്ള പരസ്യമായ തർക്കത്തിന് പിന്നാലെ 'അമേരിക്ക റീഡ്സ് ദി ബൈബിൾ' പരിപാടിയുമായി ട്രംപ്. പരിപാടിയുടെ ഭാഗമായി ട്രംപ് വീഡിയോ സന്ദേശത്തിലൂടെ ബൈബിൾ വായിക്കും. സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും ഈ പരിപാടിയിൽ പങ്കുചേരും. ഏപ്രിൽ 21-ന് വൈകുന്നേരം വൈറ്റ് ഹൗസിലെ ഓവൽ ഓഫീസിൽ ഇരുന്ന് ട്രംപ് ബൈബിൾ വാചകങ്ങൾ വായിക്കുമെന്ന് സംഘാടകർ അറിയിച്ചു. ഇറാൻ വിഷയത്തിൽ മാർപാപ്പയുമായുണ്ടായ അഭിപ്രായവ്യത്യാസവും തന്നെ യേശുക്രിസ്തുവായി ചിത്രീകരിക്കുന്ന എഐ ചിത്രം പങ്കുവെച്ചതിനെത്തുടർന്നുണ്ടായ വിവാദങ്ങളും നിലനിൽക്കെയാണ് ഈ നീക്കം. ഇറാൻ-ഇസ്രയേൽ യുദ്ധത്തിൽ സമാധാനത്തിനായി നിലകൊള്ളുന്ന മാർപാപ്പയെ ട്രംപ് രൂക്ഷമായി വിമർശിച്ചിരുന്നു. മാർപാപ്പ വിദേശനയത്തിൽ പരാജയമാണെന്നാണ് ട്രംപ് ആരോപിച്ചത്. താൻ വൈറ്റ് ഹൗസിൽ ഇല്ലായിരുന്നുവെങ്കിൽ ലിയോ മാർപാപ്പ വത്തിക്കാനിൽ ഉണ്ടാകുമായിരുന്നില്ലെന്നും ട്രംപ് പരിഹസിച്ചു.

## ബന്ധത്തിന് തടസമാകുമെന്ന് ഭയം; തെലങ്കാനയിൽ അഞ്ചുവയസ്സുകാരനെ അമ്മയും കാമുകനും ചേർന്ന് കൊലപ്പെടുത്തി

കാമറെഡ്ഡി: സ്വന്തം പ്രണയബന്ധത്തിന് തടസമാകുമെന്ന് ഭയന്ന് അഞ്ചുവയസ്സുകാരനായ മകനെ അമ്മയും കാമുകനും ചേർന്ന് ക്രൂരമായി കൊലപ്പെടുത്തി. തെലങ്കാനയിലെ കാമറെഡ്ഡി ജില്ലയിലാണ് മനസാക്ഷിയെ ഞെട്ടിച്ച ഈ സംഭവം നടന്നത്. മാനസിക വെല്ലുവിളി നേരിടുന്ന ശ്രാവൺ എന്ന കുട്ടിയാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ കുട്ടിയുടെ അമ്മ ലക്ഷ്മി, കാമുകൻ നരസിംലു എന്നിവരെ പോലീസ് കസ്റ്റഡിയിലെടുത്തു.

ഭർത്താവുമായി വേർപിരിഞ്ഞു കഴിയുന്ന ലക്ഷ്മി, എട്ടു വയസ്സുള്ള മകൾക്കും അഞ്ച് വയസ്സുള്ള ശ്രാവണിനുമൊപ്പമാണ് താമസിച്ചിരുന്നത്. ഇതിനിടെയാണ് ഇവർ നരസിംലുവുമായി പ്രണയത്തിലാവുകയും ഒന്നിച്ച് ജീവിക്കാൻ തീരുമാനിക്കുകയും ചെയ്തത്. എന്നാൽ മാനസിക വെല്ലുവിളി നേരിടുന്ന മകൻ തങ്ങളുടെ ഭാവി ജീവിതത്തിന് തടസമാകുമെന്ന് ഇരുവരും കരുതിയിരുന്നതായും കുട്ടിയെ ഒഴിവാക്കാൻ ഇവർ പദ്ധതിയിട്ടിരുന്നതായും പോലീസ് പറഞ്ഞു.

സംഭവം നടന്ന ദിവസം ലക്ഷ്മി വീട്ടിലില്ലാതിരുന്ന സമയത്താണ് നരസിംലു വീട്ടിലെത്തിയത്. മദ്യലഹരിയിലായിരുന്ന ഇയാൾ കുട്ടിയുടെ കണ്ണിൽ കുരുമുളക് പൊടി എറിഞ്ഞ ശേഷം വടികൊണ്ട് തലയ്ക്ക് ക്രൂരമായി അടിക്കുകയായിരുന്നു. മാരകമായി പരിക്കേറ്റ കുട്ടി സംഭവസ്ഥലത്ത് വെച്ച് തന്നെ മരണപ്പെട്ടു. വിവരമറിഞ്ഞ് ടൗൺ സർക്കിൾ ഇൻസ്പെക്ടർ നരഹരിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം സ്ഥലത്തെത്തി പ്രാഥമിക അന്വേഷണം നടത്തി. ലക്ഷ്മിയെയും നരസിംലുവിനെയും പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തു വരികയാണ്.

## ഇന്ധനപ്രതിസന്ധി; ആകാശവഴിയും അടയുന്നു

ലണ്ടൻ: ഇന്ധനപ്രതിസന്ധിയെ തുടർന്ന് വിമാന സർവീസുകൾ പ്രതിസന്ധിയിലേക്ക്. ഇറാൻ യുദ്ധത്തെ തുടർന്നുണ്ടായ പ്രതിസന്ധിയുടെ ഭാഗമായി ലോകത്താകമാനമുള്ള അന്താരാഷ്ട്ര വിമാന സർവീസുകൾ ഭാഗികമായി മുടങ്ങിത്തുടങ്ങി.

യൂറോപ്പിൽ ഇനി അഞ്ച് ആഴ്ചത്തേക്ക് മാത്രമുള്ള ജെറ്റ് ഇന്ധനമാണ് അവശേഷിക്കുന്നത്. അന്താരാഷ്ട്ര എനർജി ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാറ്റി ബിറലാണ് ഇതുമായി ബന്ധപ്പെട്ട മുന്നറിയിപ്പ് നൽകിയത്. മറ്റു രാജ്യങ്ങൾക്കൊപ്പം യൂറോപ്പിലും ഇന്ധന പ്രതിസന്ധി ഏറെ രൂക്ഷമാണ്. ഇതുമൂലം ഡൊമസ്റ്റിക് സർവീസുകളും പ്രതിസന്ധിയിലായി. യൂറോപ്യൻ യൂണിയൻ പ്രതിസന്ധി നേരിടുന്നതുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ ആരംഭിച്ചു. യൂറോപ്പിലേക്ക് 75 ശതമാനം ജെറ്റ് ഇന്ധനവും മിഡിൽ ഈസ്റ്റിൽനിന്നാണ് ലഭിക്കുന്നത്. ഇന്ധന പ്രതിസന്ധിയെ തുടർന്ന് മിക്ക എയർലൈനുകളും നിരക്ക് വർധനയും ഏർപ്പെടുത്തി തുടങ്ങിയിട്ടുണ്ട്.

യൂറോപ്പിലെ പ്രമുഖ വിമാന കമ്പനിയായ ലുഫ്താൻസാ, കെഎൽഎം, റയനേർ, എയർലിംഗസ്, എയർ ഫ്രാൻസ് തുടങ്ങിയവയുടെ നിരവധി വിമാന സർവീസുകളാണ് വെട്ടിച്ചുരുക്കിയത്.

വരും ആഴ്ചകളിൽ യുദ്ധത്തിനു പരിഹാരമായില്ലെങ്കിൽ ഭൂരിഭാഗം വിമാന സർവീസുകളും നിർത്തിവയ്ക്കേണ്ട അവസ്ഥയിലാകും. നൈജീരിയൻ എയർലൈൻസ് ഇന്ധന ചെലവുകളിൽ 270 ശതമാനത്തിൻറെ വർധനവ് ഉണ്ടായതിനാൽ തങ്ങളുടെ സർവീസുകൾ ഏതുസമയവും നിർത്തിവയ്ക്കേണ്ട അവസ്ഥയിലാണെന്ന് വ്യക്തമാക്കുന്നു.

പ്രമുഖ വിമാന കമ്പനികളായ സിംഗപ്പൂർ എയർലൈൻസ്, എയർ ന്യൂസിലൻഡ്, ക്വാണ്ടസ്, വെർജിൻ ഓസ്ട്രേലിയ, ഖത്തർ എയർവേയ്സ്, എമിറേറ്റ്സ്, എത്തിഹാദ്, ഗൾഫ് എയർ തുടങ്ങിയവയുടെ സർവീസുകളും ഇതിനകം വെട്ടിച്ചുരുക്കിയിട്ടുണ്ട്.

## വിമാന ടിക്കറ്റ് നിരക്ക് വർധനവിൽ പരിഹാരം വേണം; വ്യോമയാന മന്ത്രിക്ക് കത്തയച്ച് എ.പി.അബൂബക്കർ മുസ്ലിയാർ

കോഴിക്കോട്: പശ്ചിമേഷ്യയിൽ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ വിവിധ ഗൾഫ് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള വിമാനയാത്രക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ പരിഹാരം ആവശ്യപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രി കെ. റാം മോഹൻ നായിഡുവിന് കത്തയച്ച് ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാർ.

ഗൾഫ് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള വിമാന നിരക്കിലുണ്ടായ വർധനവ് അനിശ്ചിതമായി നീളുന്നതും മുന്നറിയിപ്പില്ലാതെ യാത്രകൾ റദ്ദാക്കുന്നതും പ്രവാസികൾക്ക് വലിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുവെന്നും കാന്തപുരം കത്തിൽ വ്യക്തമാക്കി.

അമിത നിരക്കിനും വിമാനങ്ങളുടെ കുറവിനും പുറമെ മുന്നറിയിപ്പില്ലാതെ വിമാനം റദ്ദാക്കൽ, മുടങ്ങിയ യാത്രകളുടെ റീഫണ്ട് നൽകാതിരിക്കൽ, സെക്ടർ മാറ്റിയും തീയതി നീട്ടിയും യാത്ര നിശ്ചയിക്കൽ തുടങ്ങിയവയും വലിയ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നതെന്നും കാന്തപുരം പറഞ്ഞു.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ വിമാനത്താവളങ്ങളിലേക്ക് വർധിച്ച നിരക്ക് ഈടാക്കി വരുന്നത് വിവേചനമാണെന്നും കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാർ കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# നഗരത്തിൽ മഴക്കാല പൂർവ ശുചീകരണം ആരംഭിച്ചു

തിരുവനന്തപുരം: നഗരത്തിലെ മഴക്കാല പൂർവ ശുചീകരണത്തിന് തുടക്കമായി. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പ് തന്നെ കൗൺസിൽ യോഗം ചേർന്ന് വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം ഉൾപ്പെടെ ഉറപ്പാക്കിയിരുന്നതായി മേയർ വി. വി. രാജേഷ് പത്രസമ്മേളനത്തിൽ അറിയിച്ചു. എന്നാൽ നഗരത്തിലെ തോടുകളും റോഡുകളും മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, പിഡബ്ല്യുഡി, സ്മാർട്ട് സിറ്റി, റെയിൽവേ തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലാണ്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിനിൽക്കുന്നതിനാൽ വിവിധ ഡിപ്പാർട്ടുമെന്റുകൾ തയ്യാറെടുപ്പുകൾ പൂർത്തിയാക്കിട്ടില്ല.

മറ്റ് വകുപ്പുകളുടെ ഫണ്ട് വരുന്നതുവരെ കാത്തു നിൽക്കാതെ, കോർപ്പറേഷൻ സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചത്. വെള്ളക്കെട്ടുണ്ടാകുന്ന ഭാഗങ്ങളിൽ നിന്ന് വെള്ളം അടിയന്തരമായി പമ്പുചെയ്ത് മാറ്റുന്നതിന് 40 വലിയ പമ്പു സെറ്റുകളും തയ്യാറാക്കുന്നുണ്ട്. വെള്ളത്തോടൊപ്പം എത്തുന്ന മറ്റ് അവശിഷ്ടങ്ങളും ചെളിയും ഉൾപ്പെടെ ഇതുപയോഗിച്ച് പമ്പു ചെയ്ത് മാറ്റാനാകും. സ്ഥിരമായി വെള്ളക്കെട്ടുണ്ടാകുന്ന വാർഡുകളിൽ പമ്പു സെറ്റുകൾ നേരത്തെ തന്നെ നൽകും. മറ്റ് സ്ഥലങ്ങളിൽ ആവശ്യത്തിനനുസരിച്ച് എത്തിക്കും. 'ഓപ്പറേഷൻ അനന്ത' പോലുള്ള പദ്ധതികളിൽ പ്രവർത്തിച്ച് പരിചയമുള്ള വിരമിച്ച ഉദ്യോഗസ്ഥരുടെ നിർദേശങ്ങളും ഈ പ്രവർത്തനങ്ങൾക്കായി സ്വീകരിക്കുന്നുണ്ടെന്ന് മേയർ വി. വി. രാജേഷ് പറഞ്ഞു.

# കോർപറേഷൻ ഭരണം മാറിയത് മന്ത്രിക്ക് ഉൾക്കൊള്ളാനായിട്ടില്ല: മേയർ

തിരുവനന്തപുരം: കോർപറേഷനിലെ ഭരണം മാറിയ കാര്യം മന്ത്രി വി. ശിവൻകുട്ടിക്ക് ഇതുവരെ ഉൾക്കൊള്ളാനായിട്ടില്ലെന്ന് കോർപറേഷൻ മേയർ വി. വി. രാജേഷ്. അതുകൊണ്ടാണ് അദ്ദേഹം എപ്പോഴും കോർപറേഷൻറെ കാര്യവും പറഞ്ഞുകൊണ്ടിരിക്കുന്നത്.

അരുവിക്കരയിൽനിന്ന് തലസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കുടിവെള്ളം പൈപ്പുവഴി ഇവിടെയെത്തുമ്പോൾ ആയിരംലിറ്ററിന് നാനൂറ് ലിറ്റർ നഷ്ടമാകുന്നു. ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് മന്ത്രിയും എംഎൽഎയുമായ മുൻമേയർ ശിവൻകുട്ടി മറുപടി പറയണം.

കുടിവെള്ളമെത്തിക്കേണ്ട ചുമതല വാട്ടർ അഥോറിറ്റിക്കാണ്. എന്നാൽ കുടിവെള്ളം മുടങ്ങുന്ന സ്ഥലങ്ങളിൽ കോർപറേഷൻ ടാങ്കറിൽ വെള്ളമെത്തിക്കാറുണ്ട്. കോർപറേഷൻ പരിധിയിലെ മുഴുവൻ ലൈറ്റുകളുടെയും പരിപാലന ചുമതല കോർപറേഷനു കീഴിലല്ല. വിവിധ ഡിപ്പാർട്ടുമെൻറുകളുടെ കീഴിൽ വരുന്നവയുമുണ്ട്. പട്ടണത്തിലുള്ള ലൈറ്റുകളെല്ലാം തന്നെ കോർപറേഷൻറെ ഉടമസ്ഥതയിലുള്ളതാണ് എന്നാണ് പൊതുവെ ധാരണ പരന്നിട്ടുള്ളത്. എന്നാൽ കേരള റോഡ് ഫണ്ട് ബോർഡിൻറെ (കെആർഎഫ് ബി) പരിപാലനത്തിലുള്ള 2000 ത്തോളം ലൈറ്റുകളുണ്ട്. കൂടാതെ ടൂറിസത്തിൻറെയും സ്മാർട്ട് സിറ്റിയുടെയുമെല്ലാം സംരക്ഷണത്തിലുള്ള ലൈറ്റുകളുണ്ട്.

വഴുതക്കാട്-വെള്ളയമ്പലം റോഡിലെ സെൻട്രൽ മീഡിയനിലെ ലൈറ്റുകൾ, വെള്ളയമ്പലം, എൽഎംഎസ്, അട്ടക്കുളങ്ങര, തമ്പാനൂർ ഭാഗത്തെ ലൈറ്റുകൾ, വെള്ളയമ്പലം-ശാസ്തമംഗലം റോഡിലെ ലൈറ്റുകൾ, പാളയം മുതൽ എയർപോർട്ട് വരെയുള്ള റോഡിൻറെ സെൻട്രൽ മീഡിയനിലെ ലൈറ്റുകൾ, വഞ്ചിയൂർ ജനറൽ ഹോസ്പിറ്റൽ റോഡിൻറെ വശങ്ങളിലുള്ള ലൈറ്റുകൾ എന്നിവ കേരള റോഡ് ഫണ്ട് ബോർഡിൻറെ നിയന്ത്രണത്തിലാണ്.

കെആർഎഫ് ബി സംസ്ഥാന സർക്കാരിൽ നിന്നും മെയിൻറനൻസിനായി പണം വാങ്ങുന്നുമുണ്ട്. വെള്ളയമ്പലം-തൈക്കാട് സ്മാർട്ട് റോഡിലെ ലൈറ്റുകൾ സ്മാർട്ട് സിറ്റിയുടെ ഉടമസ്ഥതയിലാണ്. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിനു ചുറ്റുമുള്ള വിളക്കുകളും ശംഖുമുഖത്തുള്ള വിളക്കുകളും ടൂറിസം വകുപ്പിൻറെ നിയന്ത്രണത്തിലുള്ളതാണ്.

പിഡബ്ല്യുഡി റോഡുകളിലെ ലൈറ്റുകളും കെഎസ്ഇബി പോസ്റ്റുകളിലെ ലൈറ്റുകളും ഉൾപ്പെടെ 97,000 ത്തോളം ലൈറ്റുകളാണ് കോർപറേഷൻറെ ഉത്തരവാദിത്തത്തിലുള്ളത്. ഈ ലൈറ്റുകൾ 48 മണിക്കൂറിൽ കൂടുതൽ അണഞ്ഞു കിടന്നാൽ ബന്ധപ്പെട്ട കമ്പനിക്ക് ഫൈൻ ഇടാൻ വ്യവസ്ഥയുണ്ട്.

എന്നാൽ മുൻ ഭരണസമിതി മൂന്ന് കമ്പനികൾക്ക് നൽകിയ കരാറിൽ വലിയ അപാകതകളുണ്ട്. ഇവയുടെ പരിപാലനം 10 വർഷത്തേക്ക് കരാർ നൽകിയിരിക്കുകയാണ്. ഇക്കാര്യത്തിൽ ഹൈക്കോടതിയിൽ കേസ് വന്നാൽ വർഷങ്ങളോളം ലൈറ്റുകൾ അണഞ്ഞു കിടക്കാൻ സാധ്യതയുള്ളതിനാൽ വളരെ സൂക്ഷ്മതയോടെയാണ് പുതിയ ഭരണസമിതി നീങ്ങുന്നതെന്നും മേയർ പറഞ്ഞു.

നഗരത്തിൽ മഴക്കാല പൂർവ ശുചീകരണം ആരംഭിച്ചു.തിരുവനന്തപുരം: നഗരത്തിലെ മഴക്കാല പൂർവ ശുചീകരണത്തിന് തുടക്കമായി. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പുതന്നെ കൗൺസിൽ യോഗം ചേർന്ന് വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം ഉൾപ്പെടെ ഉറപ്പാക്കിയിരുന്നതായി മേയർ വി. വി. രാജേഷ് പത്രസമ്മേളനത്തിൽ അറിയിച്ചു. എന്നാൽ നഗരത്തിലെ തോടുകളും റോഡുകളും മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, പിഡബ്ല്യുഡി, സ്മാർട്ട് സിറ്റി, റെയിൽവേ തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലാണ്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിനിൽക്കുന്നതിനാൽ വിവിധ ഡിപ്പാർട്ടുമെൻറുകൾ തയാറെടുപ്പുകൾ പൂർത്തിയാക്കിട്ടില്ല. മറ്റു വകുപ്പുകളുടെ ഫണ്ട് വരുന്നതുവരെ കാത്തു നിൽക്കാതെ, കോർപറേഷൻ സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

വെള്ളക്കെട്ടുണ്ടാകുന്ന ഭാഗങ്ങളിൽനിന്ന് വെള്ളം അടിയന്തരമായി പമ്പുചെയ്ത് മാറ്റുന്നതിന് 40 വലിയ പമ്പുസെറ്റുകളും തയാറാക്കുന്നുണ്ട്. വെള്ളത്തോടൊപ്പമെത്തുന്ന മറ്റ് അവശിഷ്ടങ്ങളും ചെളിയും ഉൾപ്പെടെ ഇതുപയോഗിച്ച് പമ്പു ചെയ്ത് മാറ്റാനാകും. സ്ഥിരമായി വെള്ളക്കെട്ടുണ്ടാകുന്ന വാർഡുകളിൽ പമ്പുസെറ്റുകൾ നേരത്തെ തന്നെ നൽകും. മറ്റ് സ്ഥലങ്ങളിൽ ആവശ്യത്തിനനുസരിച്ച് എത്തിക്കും. 'ഓപ്പറേഷൻ അനന്ത' പോലുള്ള പദ്ധതികളിൽ പ്രവർത്തിച്ച് പരിചയമുള്ള വിരമിച്ച ഉദ്യോഗസ്ഥരുടെ നിർദേശങ്ങളും ഈ പ്രവർത്തനങ്ങൾക്കായി സ്വീകരിക്കുന്നുണ്ടെന്ന് മേയർ വി. വി. രാജേഷ് പറഞ്ഞു.

# കോഴിക്കോട്ട് സ്ടോംഗ് റൂം തുറന്ന സംഭവം: ജില്ലാ കളക്ടർ ഉടൻ വിശദീകരണം നൽകും

കോഴിക്കോട്: പേരാമ്പ്ര മണ്ഡലത്തിലെ വോട്ടിംഗ് മെഷീനുകൾ സൂക്ഷിക്കുന്ന സ്ട്രോംഗ് റൂമുകൾ തുറന്നെന്ന പരാതിയിൽ ജില്ലാ കളക്ടർ ഉടൻ വിശദീകരണം നൽകും. ചീഫ് ഇലക്ട്രൽ ഓഫീസറാണ് റിപ്പോർട്ട് തേടിയത്. പേരാമ്പ്ര നിയമസഭാ മണ്ഡലത്തിലെ വോട്ടിംഗ് മെഷീനുകൾ സൂക്ഷിക്കുന്ന കോഴിക്കോട് വെള്ളിമാടുകുന്ന് ജെഡിടി ഇസ്ലാം കൺവെൻഷൻ സെൻററിലെ സ്ട്രോംഗ് റൂമുകൾ അനുമതിയില്ലാതെ തുറന്നെന്നാണ് യുഡിഎഫ് പരാതി.

വോട്ടെടുപ്പ് അട്ടിമറിക്കാൻ നീക്കം നടക്കുന്നുവെന്നാരോപിച്ച് എം. കെ രാഘവൻ എംപി ഉൾപ്പെടെയുള്ള നേതാക്കൾ രംഗത്തെത്തിയതോടെയാണ് വിഷയം കമ്മീഷൻറെ ശ്രദ്ധയിലെത്തിയത്.

കോഴിക്കോട് ജില്ലയിലെ ഏഴ് മണ്ഡലങ്ങളിലെ വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ചിട്ടുള്ള അതീവ സുരക്ഷാ മേഖലയിലെ സ്ട്രോംഗ് റൂം രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ അറിയിക്കാതെ തുറന്നുവെന്നാണ് യുഡിഎഫ് ആരോപിക്കുന്നത്. ഇത് വോട്ട് അട്ടിമറിക്കാനുള്ള ഗൂഢാലോചനയാണെന്ന് ഡിസിസി പ്രസിഡൻറ് പ്രവീൺ കുമാർ, എം. കെ രാഘവൻ എംപി എന്നിവർ ആരോപിച്ചു.

എന്നാൽ വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ച സ്ട്രോംഗ് റൂമല്ല തുറന്നതെന്നും പോളിംഗ് സാമഗ്രികൾ സൂക്ഷിച്ച മുറിയാണ് പരിശോധനയുടെ ഭാഗമായി തുറന്നതെന്നും അധികൃതർ വ്യക്തമാക്കി. പേരാമ്പ്ര മണ്ഡലത്തിലെ പോളിംഗ് സാമഗ്രികൾ പരിശോധിക്കുന്നതിനായി രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ തന്നെയാണ് മുറി തുറന്നതെന്ന് റിട്ടേണിംഗ് ഓഫീസർ അറിയിച്ചു. ഉദ്യോഗസ്ഥർ തെറ്റായ മുറിയാണ് തുറന്നതെന്ന് കരുതിയാണ് പ്രതിഷേധമുണ്ടായതെന്നാണ് ഔദ്യോഗിക പക്ഷം. എന്നാൽ ഇതിൽ ദുരൂഹതയുണ്ടെന്ന് ആരോപിച്ച് യുഡിഎഫ് പ്രവർത്തകർ വോട്ടെണ്ണൽ കേന്ദ്രത്തിന് മുന്നിൽ തടിച്ചുകൂടി. പ്രദേശത്ത് കേന്ദ്ര സേനയെ വിന്യസിക്കണമെന്നും സുരക്ഷ കർശനമാക്കണമെന്നും ഇവർ ആവശ്യപ്പെട്ടു.

# പാലക്കാട്ടും സ്ട്രോംഗ് റൂം തുറക്കുന്നു; പ്രിസൈഡിംഗ് ഓഫീസറുടെ ഡയറി മറന്നുവച്ചെന്ന് വിശദീകരണം

പാലക്കാട്: കോഴിക്കോട് സ്ട്രോംഗ് റൂം വിവാദം ശക്തമായിരിക്കേ പാലക്കാട്ടും സ്ട്രോംഗ് റൂം തുറക്കാൻ നീക്കം. നെന്മാറ നിയോജകമണ്ഡലത്തിൻറെ വിക്ടോറിയ കോളജിലെ സ്ട്രോംഗ് റൂം തുറക്കാനാണ് തെരഞ്ഞെടുപ്പ് കമ്മീഷൻറെ തീരുമാനം.

പ്രിസൈഡിംഗ് ഓഫീസറുടെ ഡയറി മറന്നുവെച്ചുവെന്ന് വിശദീകരണം. സ്ഥാനാർഥികളെ ഫോൺ വിളിച്ചാണ് സ്ട്രോംഗ് റൂം തുറക്കുമെന്ന് കമ്മീഷൻ അറിയിച്ചതെന്ന് യുഡിഎഫ് സ്ഥാനാർഥി എ. തങ്കപ്പൻ പറഞ്ഞു. സ്ട്രോംഗ് റൂം തുറക്കുന്നതിൽ അസ്വഭാവികതയുണ്ടെന്നും തുറക്കുന്ന കാര്യം രേഖാമൂലം അറിയിച്ചില്ലെന്നും തങ്കപ്പൻ കൂട്ടിച്ചേർത്തു.

അതേസമയം, തുറക്കുന്നത് ഇവിഎം സ്ട്രോംഗ് റൂം അല്ലെന്നും, മെറ്റീരിയൽ സ്ട്രോംഗ് റൂം ആണെന്നും പാലക്കാട് ജില്ലാ കളക്ടർ മാധവിക്കുട്ടി പ്രതികരിച്ചു.

# പേരാമ്പ്ര സ്ട്രോംഗ് റൂം വിവാദം; മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് റിപ്പോർട്ട് നൽകി

കോഴിക്കോട്: പേരാമ്പ്ര മണ്ഡലത്തിലെ വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ച സ്ട്രോംഗ് റൂമിനോട് ചേർന്ന മെറ്റീരിയൽ റൂം തുറന്ന സംഭവത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് റിപ്പോർട്ട് നൽകി. സാധാരണയായി മെറ്റീരിയൽസ് സ്ട്രോംഗ് റൂമിന് സമീപം വെക്കാറില്ലെന്നും അതാണ് തെറ്റിദ്ധാരണക്ക് ഇടയാക്കിയതെന്നും റിപ്പോർട്ടിൽ പറയുന്നു.

പ്രധാന സ്ഥാനാർഥികളെ അറിയിച്ച ശേഷമാണ് മെറ്റീരിയൽസ് റൂം തുറന്നത്. എല്ലാ സ്ഥാനാർഥികളെയും അറിയിക്കാത്തത് മാത്രമാണ് ഉണ്ടായ പിഴവെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. സംഭവത്തിൽ റിട്ടേണിംഗ് ഓഫീസർക്ക് ഗുരുതര വീഴ്ചയുണ്ടായി എന്നാണ് പ്രാഥമികമായി നൽകിയ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്.

പേരാമ്പ്ര നിയമസഭാ മണ്ഡലത്തിലെ വോട്ടിംഗ് മെഷീനുകൾ സൂക്ഷിക്കുന്ന കോഴിക്കോട് വെള്ളിമാടുകുന്ന് ജെഡിടി ഇസ്ലാം കൺവെൻഷൻ സെൻററിലെ സ്ട്രോംഗ് റൂമുകൾ അനുമതിയില്ലാതെ തുറന്നെന്നായിരുന്നു യുഡിഎഫിൻറെ ആരോപണം. പേരാമ്പ്ര മണ്ഡലത്തിലെ വോട്ടർമാരുടെ എണ്ണം രേഖപ്പെടുത്തിയ ഫോം 17സി മെറ്റീരിയൽ റൂമിൽ വച്ച് സീൽ ചെയ്തു. വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ അപ്ലോഡ് ചെയ്യേണ്ട അവസാന ദിവസമായ ഏപ്രിൽ 20 ന് കണക്കുകൾ ഒത്തുനോക്കുന്നതിനാണ് മുറി തുറന്നതെന്നും റിട്ടേണിംഗ് ഓഫീസർ നൽകിയ വിശദീകരണം. ഇതിനിടെ കൊയിലാണ്ടിയിലെ സ്ട്രോംഗ് റൂമിന് സമീപം വരണാധികാരി എത്തിയ സംഭവത്തിൽ വിശദീകരണം തേടുമെന്ന് കളക്ടർ അറിയിച്ചു.

# എം. സ്വരാജിനെതിരായ സംഘാവ് പരാമർശം; വിശദീകരണവുമായി ഫാത്തിമ തഹ്ലിയ

കോഴിക്കോട്: സിപിഎം നേതാവ് എം. സ്വരാജിനെ സംഘാവ് എന്ന് സോഷ്യൽമീഡിയയിൽ അഭിസംബോധന ചെയ്തതിൽ വിശദീകരണവുമായി മുസ്ലിം ലീഗ് വനിത നേതാവും പേരാമ്പ്രയിലെ യുഡിഎഫ് സ്ഥാനാർഥിയുമായ ഫാത്തിമ തഹ്ലിയ.

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ ഫലപ്രഖ്യാപനത്തിന് പിന്നാലെ ആയിരുന്നു സംഘാവ് പരാമർശവുമായി ഫാത്തിമ തഹ്ലിയ രംഗത്തെത്തിയത്. ഈ പരാമർശത്തിലാണ് ഫാത്തിമ തഹ്ലിയയുടെ വിശദീകരണം. ടെലിവിഷൻ പരിപാടിയിലായിരുന്നു ഫാത്തിമയുടെ വിശദീകരണം.

തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് വ്യക്തിയല്ലെന്നും ഐഡിയോളജിയാണെന്നും ഫാത്തിമ തഹ്ലിയ പറഞ്ഞു. സ്വരാജിനെ വ്യക്തിപരമായിട്ടല്ല സംഘാവ് എന്ന് വിളിച്ചത്. ആർഎസ്എസുമായി യോജിച്ച് പ്രവർത്തിച്ചിട്ടുണ്ടെന്ന് നിലമ്പൂർ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സിപിഎം സംസ്ഥാന സെക്രട്ടറി എം ഗോവിന്ദൻ മാസ്റ്ററാണ് പരസ്യമായി പറഞ്ഞതെന്ന് ഫാത്തിമ പറഞ്ഞു.

നിലമ്പൂർ തെരഞ്ഞെടുപ്പ് സമയത്ത് എൽഡിഎഫ് വർഗീയ കാർഡ് ഉപയോഗിച്ച് വിജയിക്കാൻ ശ്രമിച്ചു. ആ സമയത്താണ് സംഘിയാണോ സഖാവാണോ എന്ന ചോദ്യമുയർന്നത്. അങ്ങനെയാണ് സംഘാവ് എന്ന വാക്ക് വരുന്നത്. രണ്ടും ചേർന്നുള്ള ഐഡിയോളജി നിലമ്പൂരിൽ തോറ്റു എന്നാണ് ഉദ്ദേശിച്ചത്.

അത് വ്യക്തിപരമായി കാണേണ്ട കാര്യമല്ല. രാഷ്ട്രീയത്തിൽ നമ്മൾ പറയുന്ന കാര്യങ്ങൾ വ്യക്തിപരമായി എടുക്കരുതെന്ന് എന്നാണ് താൻ പഠിച്ച പാഠമെന്ന് ഫാത്തിമ തഹ്ലിയ പറഞ്ഞു.

# ഹാൻഡ് ബോൾ പോസ്റ്റ് തലയിൽ വീണ് എട്ട് വയസുകാരൻ മരിച്ചു

ജയ്പൂർ: രാജസ്ഥാനിലെ ഉദയപൂരിൽ സ്കൂൾ മൈതാനത്തെ ഹാൻഡ് ബോൾ പോസ്റ്റ് തലയിൽ വീണ് എട്ട് വയസുകാരൻ മരിച്ചു. മൂന്നാം ക്ലാസ് വിദ്യാർഥി മഹർത്ത് രാജ് സിംഗ് ആണ് മരിച്ചത്. കളിക്കുന്നതിനിടെ ഹാൻഡ് ബോൾ പോസ്റ്റിൽ തൂങ്ങിയാടിയ കുട്ടിയുടെ ശരീരത്തിൽ പോസ്റ്റ് വീഴുകയായിരുന്നു.

പോസ്റ്റ് തലയിൽ ഇടിച്ച് ഗുരുതരമായി പരിക്കേറ്റ കുട്ടിയെ സ്കൂൾ അധികൃതർ ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ചികിത്സയിലായിരക്കെ മരണം സംഭവിക്കുകയായിരുന്നു. പോസ്റ്റ്മോർട്ടത്തിന് ശേഷം കുട്ടിയുടെ മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ട്. കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മൂന്ന് വയസുകാരിക്ക് ദാരുണാന്ത്യം

ഹൈദരാബാദ്: തെലുങ്കാനയിലെ പെദ്ദപ്പള്ളിയിൽ മൂന്ന് വയസുകാരിയെ തെരുവുനായക്കൂട്ടം കടിച്ചു കൊന്നു. വീടിന് പുറത്ത് കളിച്ചുകൊണ്ടിരുന്ന ദിവ്യ ബെഹ്റാണ് തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരിച്ചത്. നായ്ക്കൾ കുട്ടിയുടെ കഴുത്തിന് പിടിക്കുകയും സമീപത്തെ വയലിലേയ്ക്ക് വലിച്ചിഴച്ച് കൊണ്ടുപോവുകയും ചെയ്തു. നാട്ടുകാർ ഓടിയെത്തി നായ്ക്കളെ ഓടിക്കുന്നതിന് മുമ്പ് തന്നെ ദിവ്യക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. ഉടൻ തന്നെ മരണം സംഭവിക്കുകയും ചെയ്തു. വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യം നിയന്ത്രിക്കാൻ നഗരസഭ അധികൃതർ നടപടി സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

# എസി റോഡിനെ പുക വിഴുങ്ങി; ഗതാഗതം സ്തംഭിച്ചു

ആലപ്പുഴ- ചങ്ങനാശേരി റോഡിൽ ഒന്നാം പാലത്തിനു സമീപം വൻ തീപിടിത്തം. കൊയ്ത്തു കഴിഞ്ഞ പാടത്താണ് വൻ തീപിടിത്തമുണ്ടായത്. കാറ്റത്ത് വളരെ വേഗം തീപടർന്നു. അതോടൊപ്പം കനത്ത പുകയും ഉയർന്നു. കനത്ത പുക പടർന്നതു മൂലം കുറെ നേരത്തേക്ക് എസി റോഡിലൂടെയുള്ള ഗതാഗതം സ്തംഭിച്ചു. ഫയർ ഫോഴ്സിൻറെ നാലു യൂണിറ്റുകൾ സ്ഥലത്തെത്തി തീയണയ്ക്കാൻ ശ്രമം നടത്തിവരികയാണ്. കൊയ്ത്തിനു ശേഷമുള്ള കച്ചിക്കാണ് തീപിടിച്ചത്.

കാറ്റടിച്ചതോടെ തീ അതിവേഗം പടരുകയായിരുന്നു. തീ കരയിലേക്കു പടരുമോയെന്ന ആശങ്കയും ശക്തമായിരുന്നു. നാട്ടുകാർ ആദ്യം തീകെടുത്താൻ ശ്രമിച്ചെങ്കിലും തീ അതിവേഗം പടർന്നതോടെ ഫയർ ഫോഴ്സിനെ അറിയിക്കുകയായിരുന്നു.

# സിഎംഎഫ്ആർഐയിൽ പ്രോജക്ട് അസോസിയേറ്റ് ഒഴിവ്

കൊച്ചി: ബിംസ്റ്റെക്-ഇന്ത്യ മറൈൻ റിസർച്ച് നെറ്റ്വർക്കിന്റെ ഭാഗമായി സിഎംഎഫ്ആർഐ നടപ്പിലാക്കുന്ന അന്താരാഷ്ട്ര ഗവേഷണ പ്രൊജക്ടിൽ കരാർ അടിസ്ഥാനത്തിൽ പ്രൊജക്ട് അസോസിയേറ്റിന്റെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 30. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ്- www.cmfri.org.in.

# നിതിൻ രാജിൻെറ മരണം: ഏപ്രിൽ 28–ന് കേരളത്തിൽ ഹർത്താൽ

തിരുവനന്തപുരം: കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളജ് വിദ്യാർത്ഥി നിതിൻ രാജിൻറെ മരണത്തിന് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ട് ഏപ്രിൽ 28-ന് സംസ്ഥാനവ്യാപകമായി ഹർത്താൽ ആചരിക്കും. നിതിൻ രാജ് ആക്ഷൻ കൗൺസിലാണ് തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിലൂടെ ഇക്കാര്യം അറിയിച്ചത്. നിതിൻ രാജിൻറെ മരണം ആത്മഹത്യയല്ലെന്നും അതിൽ കടുത്ത ദുരൂഹതയുണ്ടെന്നും ആക്ഷൻ കൗൺസിൽ ആരോപിക്കുന്നു.

നിതിൻ രാജിനെ ജാതീയമായി അധിക്ഷേപിക്കുകയും ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്തു എന്ന് ആരോപിക്കപ്പെടുന്ന ഡോ. റാം, ഡോ. സംഗീത എന്നിവരെ ഉടൻ അറസ്റ്റ് ചെയ്യുക, ഒളിവിലുള്ള പ്രതികളെ പിടികൂടുന്നതിൽ പോലീസ് കാണിക്കുന്ന അനാസ്ഥ അവസാനിപ്പിക്കുക, മരിച്ച വിദ്യാർത്ഥിയുടെ കുടുംബത്തിന് അർഹമായ ധനസഹായം നൽകുക, വിദ്യാർത്ഥി പീഡനം പതിവായ അഞ്ചരക്കണ്ടി ദന്തൽ കോളജിൻറെ അംഗീകാരം റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ആക്ഷൻ കൗൺസിൽ ഉന്നയിക്കുന്നത്.

തിരുവനന്തപുരം ഉഴമലയ്ക്കൽ സ്വദേശിയായ നിതിൻ രാജ് ഏപ്രിൽ പത്തിനാണ് കോളജ് കെട്ടിടത്തിൻറെ അഞ്ചാം നിലയിൽ നിന്നും ചാടി ആത്മഹത്യ ചെയ്തത്. അധ്യാപകരുടെ ഭാഗത്തുനിന്നുണ്ടായ കടുത്ത മാനസിക പീഡനവും ജാതീയ അധിക്ഷേപവുമാണ് മരണകാരണമെന്ന് കുടുംബം പരാതിപ്പെട്ടിരുന്നു. അധ്യാപകർക്കെതിരെ എസ്സി/എസ്ടി പീഡന നിരോധന നിയമപ്രകാരം കേസെടുത്തിട്ടുണ്ടെങ്കിലും ഇവർ ഇതുവരെ പിടിയിലായിട്ടില്ല.

ലോൺ ആപ്പ് തട്ടിപ്പാണ് മരണകാരണമെന്ന കോളജ് മാനേജ്മെൻറിൻറെ വാദം പ്രതികളെ രക്ഷിക്കാനുള്ള നീക്കമാണെന്ന് ആക്ഷൻ കൗൺസിൽ ആരോപിച്ചു. ഈ സാഹചര്യത്തിലാണ് ശക്തമായ പ്രതിഷേധവുമായി ആക്ഷൻ കൗൺസിൽ രംഗത്തിറങ്ങിയിരിക്കുന്നത്.

# പ്രധാനമന്ത്രിയുടെ പ്രസംഗം അധികാര ദുർവിനിയോഗം; അവകാശലംഘന നോട്ടീസ് നൽകി കെ. സി. വേണുഗോപാൽ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദി ഏപ്രിൽ 18-ന് നടത്തിയ രാഷ്ട്രത്തോടുള്ള അഭിസംബോധനയ്ക്കെതിരെ രൂക്ഷവിമർശനവുമായി കോൺഗ്രസ് നേതാവ് കെ. സി. വേണുഗോപാൽ. പ്രധാനമന്ത്രിയുടെ നടപടി എംപിമാരെ അപമാനിക്കുന്നതും സഭയുടെ അവകാശങ്ങൾക്കുമേലുള്ള കടന്നുകയറ്റവുമാണെന്ന് ആരോപിച്ച് അദ്ദേഹം ലോക്സഭാ സ്പീക്കർക്ക് അവകാശലംഘന നോട്ടീസ് നൽകി. പ്രധാനമന്ത്രിയുടെ പ്രസംഗം എംപിമാരുടെ അന്തസിനെ ഇടിച്ചുതാഴ്ത്തുന്നതാണെന്ന് സ്പീക്കർക്ക് നൽകിയ കത്തിൽ വേണുഗോപാൽ ചൂണ്ടിക്കാട്ടി. രാജ്യം നേരിടുന്ന ഗൗരവകരമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് പകരം പ്രതിപക്ഷത്തെ ആക്രമിക്കാനുള്ള വേദിയായി പ്രധാനമന്ത്രി ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുവെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

രാജ്യത്തോടുള്ള അഭിസംബോധനയെ രാഷ്ട്രീയ താത്പര്യങ്ങൾക്കായി ഉപയോഗിക്കുന്നത് അധാർമികവും അധികാര ദുർവിനിയോഗവുമാണെന്ന് നോട്ടീസിൽ പറയുന്നു. ഇത് സഭയോടുള്ള ധിക്കാരമാണെന്നും അദ്ദേഹം ആരോപിച്ചു. വനിതാ സംവരണ ബില്ലുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പിന്നാലെ നടത്തിയ ഈ പ്രസംഗം പെരുമാറ്റച്ചട്ടത്തിൻറെ ലംഘനമാണെന്ന് പ്രതിപക്ഷം നേരത്തെ തന്നെ ആരോപിച്ചിരുന്നു. പ്രധാനമന്ത്രിക്കെതിരെ ഉചിതമായ അവകാശലംഘന നടപടികൾ സ്വീകരിക്കണമെന്നാണ് കെ. സി. വേണുഗോപാൽ നോട്ടീസിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്.

# പെട്രോൾ തീർന്ന ബൈക്കുമായി റോഡിൽ നിന്നു; വാനിടിച്ച് വിദ്യാർഥിക്ക് ദാരുണാന്ത്യം

ആലപ്പുഴ: ബൈക്കിൽ പിക്കപ്പ് വാനിടിച്ചുണ്ടായ അപകടത്തിൽ യുവാവിന് ദാരുണാന്ത്യം. ഗുതരമായി പരിക്കേറ്റ സഹയാത്രികൻ ആശുപത്രിയിൽ ചികിത്സയിലാണ്.

താമരക്കുളം കിഴക്കേമുറി പച്ചക്കാട് വിദ്യാഭവനത്തിൽ ഹരിനാരായണൻ (20) ആണ് മരിച്ചത്.

സുഹൃത്ത് ആദിത്യൻ (20) ആണ് പരിക്കേറ്റ് ചികിത്സയിലുള്ളത്. ഞായറാഴ്ച രാത്രി ഒൻപതോടെ ആയിരുന്നു അപകടം. ബൈക്ക് പെട്രോൾ തീർന്ന് നിന്നു പോയി. പിന്നീട് മറ്റൊരു സുഹൃത്തായ അക്ഷയുമായി ചേർന്ന് വാഹനം പരിശോധിച്ചു നിൽക്കുമ്പോൾ കോഴികയറ്റി വന്ന പിക്കപ് വാൻ ഇടിക്കുകയായിരുന്നു.

ഹരിനാരായണൻ അപകട സ്ഥലത്ത് വച്ച് തന്നെ മരിച്ചു. ആദിത്യനെ ഉടൻ തന്നെ ആശുപത്രിയിലേക്ക് മാറ്റി. അക്ഷയുടെ പരിക്ക് സാരമുള്ളതല്ല. കോതമംഗലം നെല്ലിക്കുഴി ഇന്ദിരാഗാന്ധി കോളേജ് ഓഫ് ആർട്സ് ആൻറ് സയൻസിലെ ഒന്നാം വർഷ ബിബിഎ വിദ്യാർഥിയാണ് ഹരിനാരായൺ.